## ശ്രീ നീലകണ്ഠതീർത്ഥസ്വാമികൾ എന്ന സന്യാസിവര്യനെ അറിയാം വിജ്ഞാനതരംഗിണിയിലൂടെ

### ആമുഖം

ശങ്കരാചാര്യ സ്വാമികളെപ്പോലെ തന്നെ, ഗുരുവര്യനായ ചട്ടമ്പിസ്വാമിയുടെ ആകർഷണ സിദ്ധാന്തത്തോടെ പ്രവർത്തിമാർഗ്ഗത്തിലൂടെയല്ലാതെ നിവൃത്തി മാർഗ്ഗത്തിൽ സന്യാസം സ്വീകരിച്ച മഹാജ്ഞാനി. 1920 ൽ തന്റെ 49–ാമത്തെ വയസ്സിൽ വിദേഹമുക്തനാകുന്നതിനും എത്രയോ മുമ്പ് അദ്ദേഹം ജീവമുക്തനായിരുന്നിരിയ്ക്കും. അദ്ദേഹമാണ് ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ എന്ന ആചാര്യൻ. ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ രചിച്ച് ശ്രീ വിദ്യാധിരാജ പബ്ലിക്കേഷൻസ് 1988 ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് വിജ്ഞാനതരംഗിണി ഒന്നാം ഭാഗം. വ്യത്യസ്ത വിഷയങ്ങളുടെ ഗവേഷണ പ്രാധാന്യമുള്ള 16 പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. സാഹിത്യപ്രതിഭയായിരുന്ന ശ്രീ ശൂരനാട് കുഞ്ഞൻപിള്ള സാറാണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിയ്ക്കുന്നത്.

ശ്രീനീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ സമാധിശതാബ്ദിയുമായി ബന്ധപ്പെട്ട് ഒരു പ്രബന്ധ രചന നടത്തുവാൻ ആശ്രമത്തിൽ നിന്നുമുണ്ടായ ആഹ്വാനത്തിൽ ആകൃഷ്ടയായ ഞാൻ, കയ്യിലുണ്ടായിരുന്ന വിജ്ഞാനതരംഗിണിയെന്ന പുസ്തകത്തെക്കുറിച്ച് എഴുതാമെന്നോർത്തു. സംസ്കൃത പാണ്ഡിത്യമില്ലാത്ത ഞാൻ, മലയാളമാണല്ലോ എന്ന ധാരണയാൽ ഈ ഗ്രന്ഥമൊന്ന് മനസ്സിലാക്കാൻ ശ്രമിച്ചു. മലയാളത്തിന്റെ ഭിക്ഷ്മാചാര്യനായിരുന്ന ശ്രീ ശൂരനാട് കുഞ്ഞൻപിള്ള സാർ അവതാരിക എഴുതിയ വ്യത്യസ്തങ്ങളായ വിഷയങ്ങൾ പ്രതിവാദിയ്ക്കുന്ന 16 പ്രബന്ധങ്ങൾ– ഇത് ഒരു സാഹസമാണെന്ന് വൈകാതെ മനസ്സിലായി. 100 വർഷം മുമ്പ് മൺമറഞ്ഞ, കേട്ടുകേൾവി മാത്രമുള്ള ആ പിതാമഹനെ തൊട്ടറിയാൻ കിട്ടിയ ഒരു നിയോഗമോ, ഒരു ശ്രദ്ധാജ്ഞലി അർപ്പിയ്ക്കാൻ കൈ വന്ന നിമിത്തമോ എന്നിറിയില്ല. എന്തായാലും വേദാന്ത, ശാസ്ത്ര, വ്യവഹാരിക വിഷയങ്ങളുടെ ആഴമൊന്ന് ആളക്കുവാൻ ശ്രമിച്ചു. ഇതൊരു വെറും തരംഗിണിയല്ല ആഴമേറിയ സമുദ്രമാണെന്നും, ആഗാധതയിൽ നിറയെ മുത്തുകളും പവിഴങ്ങളും ആണെന്നും തിരിച്ചറിയുമ്പോൾ ഞാൻ നമ്രശിരസ്ക്കയായി, ആ അസാമാന്യ വ്യക്തിത്വത്തേയും, പാണ്ഡിത്യത്തേയും, പഠിയ്ക്കുകയും കൂടി ആയിരുന്നു. 16 ലേഖനങ്ങളുടെ വിവരണം 16 ഗ്രന്ഥങ്ങളിൽ ഒതുക്കുവാൻ ആകില്ല എന്ന് തിരിച്ചറിവ് വല്ലാത്ത ആശങ്കയുണ്ടാക്കി. ഈ അക്ഷയഖനി നിറയെ അർത്ഥസമ്പുഷ്ട പദങ്ങളും, ന്യായപ്രമാണങ്ങളും, ദ്വയാർത്ഥ വംഗ്യാർത്ഥ പ്രയോഗങ്ങളും, സംസ്കൃത വേദാന്ത ശ്ലോകങ്ങളും കൊണ്ട് നിറഞ്ഞിരിയ്ക്കുന്നു. ഇതുപോലൊരു വിജ്ഞാന സമ്പത്തിനെ ചുരുങ്ങിയ വാക്കുകളിൽ ഒതുക്കി ഒരു പ്രബന്ധം തയ്യാറാക്കുക അത്ര എളുപ്പമല്ല. ഒരു വിഷയത്തെ അധികരിച്ചുള്ള ഗ്രന്ഥമല്ലാത്തതിനാൽ ആശയശോഷണം വരാതെ എഴുതുകയും വേണമല്ലോ.

ഒരേ സമയം, യോഗിവര്യനും, പണ്ഡിതനും, വാഗ്മിയും ആചാര്യനും, നവോത്ഥാന നായകനും, രസികനും കവിയും, ജീവന്മുക്തനും, ഭിഷഗ്വരനും, ആയിരുന്ന ഈ മഹാപ്രതിഭയെ സഞ്ചരിയ്ക്കുന്ന ഗ്രന്ഥശാല എന്ന് വിളിച്ചിരുന്നു എന്നതിൽ അത്ഭുതമില്ല. 'വിജ്ഞാന തരംഗിണി ഒന്നാം ഭാഗം 'ഗ്രന്ഥത്തിലേയ്ക്ക് സാധാരണക്കാരന് പ്രവേശിയ്ക്കാനുള്ള ഒരു എത്തിനോട്ടം മാത്രമാണ് ഞാൻ കർത്തവ്യമായി എടുത്തത്. സംസ്കൃതശ്ലോകങ്ങളുടെയോ, സ്തൂണാ നിഖന ന്യായം, കൂപഖാനക ന്യായം, ഷൂണാക്ഷരന്യായം, ഗോമയ പായസീയ ന്യായം, ഇത്യാദി ന്യായ പ്രമാണങ്ങളുടെയോ. അനേകം ദ്വയാർത്ഥ, വ്യംഗ്യാർത്ഥ പ്രയോഗങ്ങളുടേയോ ഒട്ടും വ്യാഖ്യാനത്തിന് മുതിരാത്തത് വിസ്താര പരിമിതിയാലാണ്.

അക്ഷരങ്ങളുടെ പരിമിതിയിൽ എഴുതി തീർക്കാനാവാത്ത ഈ ഗ്രന്ഥത്തിന്റെ നിരൂപണം ഏറ്റെടുത്തത് ശരിയായോ എന്നറിയില്ല. എന്നാൽ ഞാൻ കൃതാർത്ഥയാണ്. കാരണം ആ പിതാമഹനെ അറിഞ്ഞുകൊണ്ട് ഒരു ശ്രദ്ധാജ്ഞലിയാണ് ഈ പ്രബന്ധം, പ്രബന്ധം എന്നു പറയുന്നതിനേക്കാൾ 'വിജ്ഞാന തരംഗിണി – ഒന്നാം ഭാഗം' എന്ന പുസ്തകത്തെ പരിചയപ്പെടുത്തുന്നതിലൂടെ ആ മഹാപ്രതിഭയെ ഒന്ന് അറിയിയ്ക്കുവാനുള്ള ശ്രമമാണ്.

വന്നിട്ടുള്ള പാകപ്പിഴകളും, എണ്ണത്തിൽ അല്പം പദങ്ങൾ കൂടിയതും ക്ഷമിയ്ക്കുമെന്ന പ്രതീക്ഷയോടെ പരമാചാര്യന്റെ മുമ്പിൽ പാദനമസ്കാരം ചെയ്ത് വിദഗ്ധസമിതിയ്ക്ക് മുമ്പിൽ സമർപ്പിയ്ക്കുന്നു.

"ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികളുടെ
രചനകളടങ്ങിയ വിജ്ഞാന തരംഗിണി ഒന്നാം ഭാഗം
എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി
തയ്യാറാക്കിയ പ്രബന്ധം"

**തയ്യാറാക്കിയത് :**

---

**ഹേമലത ജി.**
**തച്ചുപറമ്പിൽ**
**ഗാന്ധി നഗർ**
**മൂവാറ്റുപുഴ**
**ഫോൺ : 9446153699:**

## ഉള്ളടക്കം


1. പുരുഷാർത്ഥം
2. മുക്തിവിചാരം
3. സ്വരൂപ നിരൂപണം
4. സംന്യാസം
5. ഈശ്വരഭക്തി
6. പരമാചാര്യ വിചാരം
7. ഭസ്മവും ഭസ്മധാരണവും
8. സ്വപ്ന നിരൂപണം
9. പ്രാരബ്ധചിന്ത
10. പുനർവിവാഹം
11. പറച്ചി പെറ്റ പന്തിരുകുലം
12. ശ്രീ ശങ്കര ഭഗവത് - പാദാദികളുടെ കാലം
13. മാമങ്ക വൃത്താന്തം
14. ആദിമ മലയ ക്ഷത്രിയ നായക കേസരി
15. തച്ചുടയക്കൈമൾ
16. കവളപ്പാറ രാജാ മൂപ്പിൽ നായർ

## പുരുഷാർത്ഥം

ധർമ്മാർത്ഥ കാമ മോക്ഷങ്ങളെന്ന നാലു പുരുഷാർത്ഥങ്ങളെക്കുറിച്ചുള്ള യുക്തി സഹജമായ സ്വന്തം വിലയിരുത്തലിനെ അടിസ്ഥാനപ്പെടുത്തുന്ന രീതിയിലുള്ള ആഖ്യാന മാണെന്ന് തോന്നാം. പക്ഷെ ആചാര്യൻ സങ്കൽപിച്ചിട്ടുള്ളത് പൗരാണിക പ്രമാണങ്ങളിലൂന്നിയ ആവിഷ്കാരം തന്നെയാണ്. സാധാരണക്കാർക്ക് എളുപ്പം ദഹിച്ചു എന്ന് വരില്ല. പക്ഷെ വേദാന്തം പഠിക്കുന്ന പഠിതാവിന് മനസ്സിരുത്തി ചിന്തിക്കാൻ പറ്റിയ കാര്യങ്ങളാണ് ഈ ലേഖനത്തിലുള്ളത്.

## പുരുഷാർത്ഥം എന്ന പദം

പുരുഷാർത്ഥം എന്ന് പറയുമ്പോൾ ലിംഗപരമായി പുരുഷന് മാത്രം പ്രയോജനമുള്ളത് എന്നല്ല. കാരണം വേദങ്ങളിലും ഉപനിഷത്തുകളിലും പുരുഷൻ എന്നത് രണ്ടു ലിംഗത്തെയും സൂചിപ്പിക്കുവാനാണ്. അതല്ലെങ്കിൽ വ്യക്തി എന്ന അർത്ഥമാണെന്ന് ആഖ്യാതാവ് വിവരിക്കുന്നു. ആത്മാവിന് ലിംഗഭേദമില്ലാത്തതിനാൽ പുരുഷൻ എന്നാൽ പുരുഷനാകാം സ്ത്രീയാകാം. മറിച്ച് ആരെങ്കിലും മഹാന്മാർ പറഞ്ഞാൽ അത് തെറ്റാണ്.

ഉദാഹരണമായി ഉപനിഷത്ത് വാക്യം

"നൈവ സ്ത്രീ, ന പുമാനേഷ
ന ചൈവായ നപുംസക:
യദ്യത് ശരീര മാദത്തേ
തേന തേന സയുജ്യതേ."

ശാസ്ത്രം ശരിയായ രീതിയിൽ മനസ്സിലാകാത്ത വരെ പരിഹസിച്ച്, അഞ്ജനം നസ്യം ചെയ്യുന്നതുപോലെയാകുമെന്ന ആമുഖത്തിന് ശേഷമാണ് ധർമ്മ വ്യാഖ്യാനം.

ഭാഗവതത്തിൽ ധർമ്മത്തിന്റെ ധർമ്മ പത്നി അഹിംസയും, പുത്രന്മാർ ഋതം,(സത്യം) പ്രസാദം, അഭയം, സുഖം, മൃദ്ഗർവ്വം, സ്മൃതി ക്ഷേമം ഇവയുമാണ്.

ധർമ്മ ലക്ഷണങ്ങൾ പറയുന്നത് ഇപ്രകാരമാണ്. തപസ്സും വിദ്യയും ചേർന്ന പാത്രത്തിൽ ദാനം ചെയ്യുക. മാതാപിതാക്കളെ പൂജിക്കുക. ശ്രദ്ധ, ദേവയജ്ഞം, ഗോ രക്ഷ.

അതുപോലെ അഹിംസ ധർമ്മ ലക്ഷണമാകണമെന്നും ഹിംസ അധർമ്മമാണെന്നും പറയുന്നു. മനുസ്മൃതിയിലെ ധർമ്മ വിചാരം ഇപ്രകാരമാണെന്ന് പറയുന്നു. മരണകാലത്തു കൂടി ഒരുമിച്ചു ചേർക്കാവുന്ന ഒരേ ഒരു സുഹൃത്തും ധർമ്മമാണ്. ഈച്ച തേൻ കൂട്ടുന്നതു പോലെ ലോകഹിതത്തിനായും എന്നാൽ മറ്റാർക്കും ഉപദ്രവമില്ലാതെയും ധർമ്മം നേടണം. ആരും കൂട്ടിനില്ലെങ്കിലും ക്ലേശങ്ങളിൽ നിന്നും തമസ്സിൽ നിന്നും രക്ഷനേടാൻ ധർമ്മം മാത്രം സഹായത്തിനെത്തും. ധർമ്മാനുഷ്ഠാനം, ശ്രദ്ധയോടും, ചിത്ത ശുദ്ധിയോടെയും, ഫലകാംക്ഷ ഇല്ലാതെയും ആകുമ്പോൾ മാത്രമാണ് മോക്ഷപ്രാപ്തി ലഭിക്കുന്നത്. ദയ, ആശ്രിത വാത്സല്യം, ഗുരുഭക്തി, ദാനം, തപസ്സ് (മാനസികം, വാചികം, കായികം) കൃപ, അന്നദാനം, ധർമ്മ സംരക്ഷണ സ്ഥാപനം നിർമ്മിയ്ക്കുക, ആർത്ത സംരക്ഷണം, സത്യം, ദേവാർച്ചന ഇത്യാദികളും ധർമ്മത്തിന്റെ വ്യത്യസ്ത രൂപങ്ങളാണ്. തപോവിദ്യാജ്ഞാനികളായ ആചാര്യന്മാരുടെ അധ്യയനാദികൾ ഗ്രഹിക്കേണ്ടതുമാണ്.

ദേവാർച്ചനയിൽ അതിഥിയും ഉൾപ്പെടും. അതിഥി ദേവോ ഭവ. ദേവന്മാർ, ബ്രാഹ്മണർ, ഗുരുക്കന്മാർ, ധർമ്മാത്മാക്കൾ, ഇവരെ പൂജിക്കണം. അവക്രത ബ്രഹ്മചര്യ, ശരീര ശുദ്ധി, അന്യന് ഉപദ്രവം ചെയ്യായ്ക ഇവയെല്ലാം ശരീരം കൊണ്ടുള്ള തപസ്സാണ്. അന്യന് ഭയത്തെ ഉണ്ടാക്കാത്തതും സത്യവും പ്രിയവും, ഹിതവുമായ വാക്കുകളും വേദശാസ്ത്രങ്ങളുടെ അഭ്യാസവും വാചികമായ തപസ്സാണ്. മനസ്സിന്റെ സ്വച്ഛത, ക്രൂരത, മൗനം, വിഷയ നിവൃത്തി, കപടമില്ലായ്മ ഇവ മനസ്സു കൊണ്ടുള്ള തപസ്സാണ്.

ഏതു സമയവും മൃത്യു പുൽകാമെന്ന കണക്കുകൂട്ടലോടെ ധർമ്മം അനുഷ്ഠിയ്ക്കണം. പരോപകാരത്തിനായി സ്വയം സമർപ്പിച്ചാലും അത് യശസ്സിന് വേണ്ടിയോ, ഭയം കൊണ്ടോ ആവരുത്. നടൻ ഗോഷ്ഠിക്കാരൻ, ഗായകർ ഇവയ്ക്കും ദാനം ചെയ്യാൻ പാടില്ല. കൂടാതെ മറ്റു ധർമ്മത്തിന്റെ വ്യാഖ്യാനങ്ങൾ ഇപ്രകാരമാണ്.

1. സുഖസാധനയാകുന്നു
2. ഇരുട്ടിൽ രവി ആകുന്നു
3. സർവ്വ പാപ ഹരമാകുന്നു
4. ധർമ്മം ബന്ധുവും, സുഹൃത്തും കല്പവൃക്ഷവും ഒക്കെ ആകുന്നു
5. യജ്ഞം, വേദശാസ്ത്ര പഠനം, ദാനം, തപസ്യ, സത്യം ക്ഷമ, ദയ, ദുരാശയില്ലായ്മ, എന്നീ 8 മാർഗ്ഗങ്ങളും ധർമ്മത്തിന്റേതാകുന്നു.

പ്രപഞ്ച സൃഷ്ടിയെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ വിവരങ്ങൾ ഇപ്രകാരമാണ്.

1. നിമിത്ത കാരണം – ഘട നിർമ്മാണത്തിന് കുശവന്റെ റോൾ
2. ഉപാദാന കാരണം – ഘടത്തിന് മണ്ണിന്റെ റോൾ

എല്ലാ തിര്യക്കുകളേയും സൃഷ്ടിച്ച ശേഷം ഉത്കൃഷ്ട ജീവിയായ മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് വ്യാഖ്യാനം. അതുപോലെ ആകാശത്തിൽ നിന്ന് വായു, വായുവിൽ നിന്ന് അഗ്നി ഇങ്ങിനെയാണ് ക്രമം – എല്ലാം ബ്രഹ്മത്തിൽ നിന്നും ഉണ്ടായി എന്നതിന്റെ വ്യാഖ്യാനത്തിന് വേണ്ടി വിശ്വരൂപാചാര്യന്റെ (ശങ്കരാചാര്യ സ്വാമിയുടെ ശിഷ്യൻ) ഭാഷ്യവും സൂചിപ്പിക്കുന്നു. ഏറ്റവും ഉൽകൃഷ്ട ജന്മമായ മനുഷ്യൻ മറു പ്രാണികളെ കൊല്ലുന്നതും തിന്നുന്നതും നിഷിദ്ധമെന്ന് സമർത്ഥിക്കുന്നു. മറ്റു ജീവികളുടെ കാര്യത്തിലും അഹിംസ തന്നെയാണ് പരമമായ ധർമ്മം. ഹിംസയുമായി ബന്ധപ്പെട്ട എല്ലാവരും ദോഷഗ്രസ്തരാണെന്നും പറയുന്നു.

തുടർന്ന് അർത്ഥ കാമങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം. ഭൗതീക ജീവിതത്തിൽ അർത്ഥ കാമങ്ങൾക്കും പ്രസക്തിയുണ്ട് എന്നാൽ അർത്ഥസമ്പാദനം ധർമ്മത്തിലൂന്നിയാകണം. ധർമ്മം ആചരിച്ചുകൊണ്ടുള്ള അർത്ഥ സമ്പാദനം വേണം. കാമാർത്ഥങ്ങളെ ഇച്ഛിക്കുന്നവർ ആദ്യമേ ധർമ്മമാർജ്ജിക്കുന്നു. അതുപോലെ പാണ്ഡിത്യവും ധർമ്മാർത്ഥമായിരിക്കണം.

വിത്തം അഥവാ ധനത്തിന് നാല് അവകാശികളാകുന്നു. അതിപ്രകാരമാണ്. ധർമ്മം, അഗ്നി, രാജാവ്, കള്ളൻ. ധർമ്മമാകുന്ന ആദ്യ അവകാശി പിണങ്ങിയാൽ സർവ്വതും നാശമായി വരുമത്രേ..

മോക്ഷ പ്രാപ്തിയെ ആഗ്രഹിക്കുന്നവൻ അർത്ഥസമ്പാദനം ധർമ്മത്തിലൂന്നി ആകണം – മൂന്നാമത്തെ പുരുഷാർത്ഥമായ കാമത്തെക്കുറിച്ചുള്ള വർണ്ണന തീരെ കുറവായിരുന്നു. മുമുക്ഷു കാമാർത്തനായ കളിപ്പാവ ആകരുത്

നാലാമത്തെ പുരുഷാർത്ഥമായ മോക്ഷ പ്രാപ്തിയെക്കുറിച്ചുള്ള ആഖ്യാനമാണ് പ്രസക്തം.

ധർമ്മാർത്ഥ കാമ മോക്ഷാണാം
ചതുർണ്ണാം പുരുഷാർത്ഥാനാം
മദ്ധ്യേ മോക്ഷ ഏവ
പരമ പുരുഷാർത്ഥം

നാലാമത്തേതായി മോക്ഷം കൂടാതെ അഞ്ചാമത് സാർഷ്ടി എന്നും ചിലർ പറയുന്നു. സായൂജ്യമെന്നും പറയപ്പെടുന്നു. സാർഷ്ടിയും, സായൂജ്യവും ഒന്നു തന്നെയെന്നും പറയപ്പെടുന്നു. വിദേഹമോക്ഷത്തെ വേറെ കണക്കാക്കിയില്ലെങ്കിൽ സായൂജ്യം തന്നെ കൈവല്യം. കല്പാന്തകാലം വരെ സുഖിച്ചു വാണശേഷം ബ്രഹ്മാവിനോടു കൂടി മുക്തി അടയുന്നതിന് ക്രമമുക്തി എന്നു പറയുന്നു. മുക്തൻ ഒരിക്കലും പുനരാവർത്തിക്കില്ല എന്ന് ഉപനിഷത്ത് പറയുന്നു.

നിഷ്കാമ ഉപാസനയാൽ കൈവല്യം നേടാനാകും. സാലോക്യ, സാമീപ്യ, സാരൂപ്യമെന്ന അവസ്ഥാന്തരങ്ങളിലൂടെ മുക്തിയ്ക്ക് ചര്യ, ക്രിയ, യോഗം എന്നീ മൂന്ന് സാധനകളും ചര്യയാക്കണം.

അയോധ്യ, മധുരാ, മായാ
കാശീ കാഞ്ചി, ഹ്യവന്തികാ
പുരീ, ദ്വാരവതീ, ചൈവ
സപ്തൈതാ മോക്ഷ ദായികാ

ഇവയെല്ലാം കാശീ പ്രാപ്തി മാർഗ്ഗമാണെങ്കിലും ശ്രീ കാശിയാണ് സാക്ഷാൽ മുക്തിപുരി.

ജീവന്മുക്തനെ വിദേഹ മുക്തനെന്നും പറയാം. അഖണ്ഡാത്മ സ്വരൂപ ലാഭത്താൽ ദൃഢമായ ജീവന്മുക്തി ഉറപ്പുള്ളതാകയാൽ പാൽ കലക്കിയെടുത്ത വെണ്ണപോലയാണ് തിരിച്ച് പുറകോട്ട് യാത്രയില്ല. ഇത്തരം ജ്ഞാനികളെ പരമഹംസരെന്ന് പറയുന്നു. ഗുണാതീതനെന്ന് ഭഗവാനും അതിവർണ്ണാശ്രമി എന്ന് പരമേശ്വരനും പറയുന്നു. അത്തരം ജ്ഞാനിക്ക് പിന്നീട് സഞ്ജിത കർമ്മ ഫലം നശിച്ചു പോകുന്നു. ഇത്തരം മുക്താത്മാക്കളെ സത്കാര ബഹുമാനാദികൾ ചെയ്യുന്നവർക്ക് ശുഭഫലവും നിന്ദിയ്ക്കുന്നവർക്ക് ദോഷഫലവുമുണ്ടാകുമെന്നും പറഞ്ഞുകൊണ്ടാണ് ധർമ്മാർത്ഥ കാമമോക്ഷമെന്ന ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്.

## മുക്തിവിചാരം

ഹിരണ്യഗർഭ വൈകുണ്ഠ ഉപാസ്യദേവത പ്രാപ്തിയാണ് മുക്തിയെന്ന് ഭഗവദുപാസകർ പറയുന്നു. ദേവനിഷ്ഠന്മാർ ആ ദേവന്മാരെയും പിതൃയജ്ഞപരന്മാർ പിതൃദേവന്മാരേയും, ഭൂതസമാരാധകന്മാർ ഭൂതങ്ങളേയും ഭഗവത് പരന്മാർ ശ്രീഹരിയേയും പ്രാപിയ്ക്കുന്നതിനെ മുക്തി എന്ന് പറയുന്നു.

വേദാന്ത പഠനത്തിലെ രഹസ്യവും അത്യന്തം കഠിനവുമായ ഒരു തത്വമാണ്. മുക്തിവിചാരം മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം മുക്തി അല്ലെങ്കിൽ മോക്ഷം ആണ്. അത് എപ്രകാരം ആകണമെന്നുള്ളതിന്റെ സൂചനകളിലൂടെയാണ് ഈ ഉപന്യാസം നമ്മെ നയിയ്ക്കുന്നത്. വ്യത്യസ്തങ്ങളായ കാഴ്ചപ്പാടിലൂടെ സഞ്ചരിച്ചു ജ്ഞാനമുദിച്ചവന് മോക്ഷം അല്ലെങ്കിൽ കൈവല്യം എന്ന സമർത്ഥിയ്ക്കലാണ് ഇതിന്റെ കാമ്പ്.

താല്ക്കാലിക ദുഃഖനിവൃത്തി മോക്ഷമാകുന്നില്ല ഭാഗവതന്മാരുടെ സിദ്ധാന്തത്തിൽ ഭഗവല്ലോക പ്രാപ്തിയാണ് മോക്ഷമെന്നും നൈയായികന്മാരുടെ പക്ഷം ആത്യന്തിക ദുഃഖ നിവൃത്തിയാണ് മുക്തി എന്നുമാണ്. രാമാനുജാദികളുടെ അഭിപ്രായം അനുസരിച്ച് ഭക്തിനിഷ്ഠാദികളാലുണ്ടാകുന്ന വൈകുണ്ഠപ്രാപ്തി രൂപമാണ് മുക്തി. മറ്റു ചിലരുടെ അഭിപ്രായത്തിൽ ഭക്തിനിഷ്ഠാദികളും  യോഗവും മോക്ഷ കാരണമാകുന്നു. എന്നാൽ ആചാര്യ സ്വാമികളുടെ അഭിമതമനുസരിച്ച് 'ന യോഗേത ന സംഖ്യേന മോക്ഷ സിദ്ധ്യന്തി' എന്നതിനെ സമർത്ഥിച്ചുകൊണ്ട്, ആപേക്ഷിക മുക്തിയല്ല ആത്യന്തിക മുക്തിയാണ് സ്വാമികൾ നിർണ്ണയിച്ചിരിയ്ക്കുന്നത്. യോഗം കൊണ്ടുള്ള ദേഹത്യാഗം ആപേക്ഷികമുക്തിയാണ് പ്രാപിയ്ക്കുന്നത്. അനർത്ഥ നിവൃത്യാന്വിത പരമാനന്ദപ്രാപ്തി ലക്ഷണമാണ് മോക്ഷമെന്ന ശങ്കരവേദാന്തികളുടെ ആശയത്തോട് പൊരുത്തപ്പെട്ട് വേദാർത്ഥ പരമാമാദ്വൈതം എന്ന സങ്കല്പത്തിനാണ് പ്രാധാന്യം കൊടുക്കുന്നതും 'അദ്വൈതമാകുന്നു പരമാർത്ഥം' എന്നാണ് ഉറപ്പിച്ചു പറയുന്നത്.

മോക്ഷ കാരണങ്ങളായി ഭക്തിയിലൂടെ നിത്യാത്മ സ്വരൂപാനുസന്ധാനം സാധ്യമാകുന്നു. കൂടാതെ കർമ്മവും അനുഷ്ഠാന സാധനകളാലാകണം. ശ്രവണ, മനന നിദിദ്ധ്യാസനങ്ങൾ ജ്ഞാനത്തിലേയ്ക്കുള്ള മാർഗ്ഗമാണെന്നും, അവയാണ് പ്രധാന സാധനകൾ എന്നും പറയുന്നു. ശ്രവണമാണ്, ഒന്നാമത്തേത്, ശേഷം മനനവും നിദിദ്ധ്യാസനവും (ഗവേഷണം) സദ് ഗുരുമുഖത്തുനിന്നും ലഭിയ്ക്കുന്ന തത്വജ്ഞാനം ശരിയായ  ശ്രവണത്തിലൂടെ ഗ്രഹിയ്ക്കുന്നു.

തത്ര താവന്മുനി ശ്രേഷ്ഠ
ശ്രവണം നാമ കേവലം
ഉപക്രമാദി ഭിർല്ലാംഗൈ
ശക്തി താല്പര്യ നിർണ്ണയം

ഇത്  'കൈവല്യ രത്ന' ത്തിലെ വരികളാണ്. ഷഡ് ലിംഗങ്ങളെക്കൊണ്ടാണ് ശ്രവണം പൂർത്തിയാക്കേണ്ടത്. ബ്രഹ്മത്തെക്കുറിച്ച് പഠനം തുടങ്ങി ബ്രഹ്മത്തിൽ പറഞ്ഞവസാനിപ്പിയ്ക്കുന്നതിനിടയിൽ ബ്രഹ്മവിദ്യ ഉപദേശത്തിലൂടെ അനർത്ഥ നിവൃത്തിയും ആനന്ദപ്രാപ്തിയുമാകും ഫലമെന്ന് സാരം. ആത്മ ദർശനത്തിനായി ശ്രവണ മനന നിദിദ്ധ്യാസനങ്ങളെ നിർബന്ധമായും അനുഷ്ഠിയ്ക്കണം.

ശ്രവണം ചെയ്യുന്നവയെ വീണ്ടും മനനം ചെയ്യണം. വീണ്ടും വീണ്ടും ചിന്തിച്ചുറപ്പിച്ച ശേഷം ആചാര്യനുമായി നിരന്തര സംവാദത്തിലൂടെ വേണം ജ്ഞാന സമ്പാദനം ചിലർക്ക് പെട്ടെന്ന് ഗ്രഹണം സാദ്ധ്യമാകുമ്പോൾ മറ്റു ചിലർക്ക് ജ്ഞാനലബ്ധി അനേക നാളത്തെ നിദിദ്ധ്യാസനത്തിന് ശേഷമാകും ലഭിയ്ക്കുക. അങ്ങിനെ ഗുരുമുഖമായി ലഭിയ്ക്കുന്ന ജ്ഞാനം അജ്ഞാനം കെടുത്തുന്നു.

തത്വമസ്യാദി മഹാകാവ്യ ഉപദേശം കൊണ്ട് ലഭിയ്ക്കുന്ന വൃത്തിജ്ഞാനം തുടക്കത്തിൽ തന്നെ അവിദ്യാ താല്പര്യങ്ങൾ നശിപ്പിയ്ക്കുന്നു. ജ്ഞാനം ഉദിച്ച ഒരാൾക്ക് ജീവിതാവസ്ഥയിൽ തന്നെ കൈവല്യമുണ്ടാകും. മരണകാലത്ത് പ്രാണൻ വെളിയിൽ പോകാതെ വിദേഹമുക്തനാകും. ദേഹാത്മജ്ഞാനം ലഭിയ്ക്കുന്ന വ്യക്തിയ്ക്ക് പരാത്മജ്ഞാനവും ലഭിയ്ക്കുന്നുവോ ആ വ്യക്തിയ്ക്ക് മുക്തി വേണ്ടെങ്കിൽ പോലും മുക്തി ലഭിയ്ക്കുന്നു എന്നും ആചാര്യ സ്വാമികൾ പറയുന്നു. ഇത്തരം ആളുകൾക്ക് പുനരാവർത്തനമില്ല. ഭഗവത് ഗീതയിൽ ഗുണാതീതനെന്നും, മുക്തിഖണ്ഡത്തിൽ അതിവർണ്ണാശ്രമിയെന്നും, ബ്രാഹ്മണെനെന്ന് ശ്രുതിയിലും പറയുന്നു. ഇപ്രകാരമുള്ളവർ ബ്രഹ്മവിത്തനല്ല, ബ്രഹ്മം തന്നെയാകുന്നു.

പറഞ്ഞുവച്ചിരിയ്ക്കുന്നത് ഇതാണ് ശരിയായ രീതിയിൽ ശ്രമണമക്കന നിദിദ്ധ്യാസനങ്ങളിലൂടെ ആത്മജ്ഞാനം നേടിയാൽ അതുതന്നെയാണ് മോക്ഷത്തിന്റെ പാത.

# സ്വരൂപ നിരൂപണം

(ചെറുകേൽപുഴ സഭാ മന്ദിരത്തിൽ അയിരൂർ മഹാജനയോഗത്തിന്റെ വാർഷിക യോഗത്തിൽ വായിച്ച ലേഖനത്തിന്റെ സംക്ഷിപ്തം)

ശ്രുതിവാക്യങ്ങളിലൂടെ അത്മതത്വ വർണ്ണനയാണ് ഈ ലേഖനം:

സ്വരൂപമെന്നാൽ സ്വകീയഭാവം (സ്വന്തം രൂപം). 'സ്വ' എന്ന ശബ്ദം കൊണ്ടു സർവ്വദേശ വ്യാപകവും, സർവ്വവസ്തുക്കളിലും അടങ്ങിയതും, മുക്തമായതും, സത്തായും ചിത്തായും വിളങ്ങുന്നതെന്തോ അതിനെ സൂചിപ്പിയ്ക്കുന്നു. പഞ്ചേന്ദ്രീയങ്ങളാൽ, അനുഭവവേദ്യമല്ലാത്തതും, പ്രത്യക്ഷരൂപമില്ലാത്തതും, നിത്യമായതും, സത്യമായതും നിത്യാനന്ദമായതുമായ ഭാവവും കൂടിയാണ് അത്.

ശ്രുതി വാക്യങ്ങളും, (വിശദമായ ശ്ലോകങ്ങളുണ്ട്) ഭഗവാനും, ഋഷിമാരും ഒരുപോലെ പറയുന്നത് 'നാത്മലാഭാൻ പരമസ്തി' എന്നതാണ്. ഒരുവൻ ആത്മ സ്വരൂപത്തിൽ മുക്തനാകുകയും മോക്ഷമാർഗി ആകുകയും ചെയ്യും. ഭക്തി മാർഗ്ഗവും (ഈശ്വരാർപ്പണം) ഈശ്വരാർപ്പണ ബുദ്ധ്യാ കർമ്മയോഗവും മോക്ഷദായകമാണ്.

ഭ്രമത്തെ ഉപേക്ഷിച്ച് ആത്മ സ്വരൂപത്തിൽ പരിലസിയ്ക്കുന്നവൻ മുക്തനാണ് (ജനക മഹാരാജാവ് ശ്രീശുകബ്രഹ്മർഷിയോട് പറഞ്ഞത്) ഈ ലോകാനർത്ഥങ്ങൾക്ക് കാരണം, ദേഹേന്ദ്രീയാദികളിലുള്ള മൗഢ്യമാണ്. സാംഖ്യയോഗത്തിലെ ആത്മതത്വം (ഗീത) കാപില സാംഖ്യയിൽ നിന്നും വ്യത്യസ്തമാണ്. ആനന്ദം വിഷയാനുഭവം, നിത്യത്വം ഇതെല്ലാം ആത്മ ചൈതന്യത്തിൽ നിന്നും ഭിന്നമാണ്. സാന്ദ്രാനന്ദ അവബോധത്മകം, അനുപമം, കാലദേശാവധിഭ്യാം, നിർമുക്തം, നിത്യമുക്തം എന്നതിനെ അദ്വൈത മകരന്ദത്തിലെ വരികളാൽ, ബ്രഹ്മസത്യം ജഗത് മിഥ്യ എന്ന തത്വത്താൽ സ്വരൂപ വർണ്ണന ചെയ്യുന്നു.

അവിദ്യയാകുന്ന ആവരണം നീക്കി ജ്ഞാനം നേടുമ്പോൾ ബ്രഹ്മാനുഭവം ലഭിയ്ക്കും. ശരീരവും പഞ്ചേന്ദ്രിയങ്ങളാൽ ബന്ധപ്പെട്ട ദുഃഖങ്ങളും സ്വരൂപ നിരൂപണത്തിന് തടസ്സമാണ്.

ജ്ഞാനവും, കർമ്മവും, ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെ ബ്രഹ്മപദപ്രാപ്തിയ്ക്ക് കാരണമെന്ന് ചിലർ പറയുന്നുണ്ടെങ്കിലും കർമ്മാനുഷ്ഠാനത്തിലൂന്നിയ ശേഷം ' ജ്ഞാനം ' എന്ന ക്രമസമുച്ചയത്തിന് പ്രാധാന്യം കൊടുത്ത് ചിത്ത ശുദ്ധി വരെ കർമ്മാനുഷ്ഠാനവും, പിന്നീട് ജ്ഞാനവും എന്നതാണ് ശരിയായ മാർഗ്ഗം എന്നുറപ്പിയ്ക്കുന്നു. അവിദ്യ എന്ന ആവരണമാണ് അജ്ഞാന കാരണം. ആത്മാവിനെക്കുറിച്ചുള്ള പഠനത്തിലുണ്ടാകുന്ന എല്ലാ സംശയങ്ങളും ചിന്തകളും പരമാത്മ ദർശനം സാദ്ധ്യമാകുന്ന സമയം ഇല്ലാതാകുന്നു. അവിദ്യയുടെ അസ്തമയത്തോടെ മോക്ഷസാദ്ധ്യമെന്ന ബോധഭട്ടാചാര്യന്റെ വാക്കുകളും ശ്രുതിവാക്യമായ തത്വമസിയുടെ വിശദീകരണവുമായി ലേഖനം സമാപ്തമാകുന്നു.

## സംന്യാസം

സംന്യാസം എന്ന വിഷയത്തെ രണ്ടായി വിഭജിച്ചിരിയ്ക്കുന്നു.

സന്യാസാധികാരം എന്ന ഒന്നാം ഭാഗത്തിൽ ആർക്കൊക്കെ സന്യാസിയ്ക്കാം എന്ന് വിശദീകരിയ്ക്കുന്നു. നൈഷ്ഠിക ബ്രഹ്മചര്യവും, സംന്യാസവും കലിയുഗത്തിൽ പാടില്ല എന്ന ഹേമാദ്രി ആദിത്യ പുരാണത്തിലെ പരാമർശവും, ക്ഷത്രിയർക്കും വൈശ്യർക്കുമാണ് ബാധകമെന്ന കാര്യവും ശക്തമായി എതിർക്കുന്നു. ബ്രഹ്മണർക്കു മാത്രമേ പാടുള്ളൂ എന്ന ആചാര്യപക്ഷത്തെ യാജ്ഞവാല്ക്കര്യരുടെ ഉപദേശവും ജാബാലശ്രുതിയും ശ്രീശുകൻ, ഉദ്ദാലകൻ, ശാർക്കരാക്ഷൻ, ബുഡിലൻ തുടങ്ങിയവരുടെ ബ്രഹ്മവിദ്യാപാടവം ചൂണ്ടിക്കാട്ടിയാണ് സമർത്ഥിയ്ക്കുന്നത്. ദേവഋണം, പിതൃഋണം, ഋഷിഋണം എന്നീ 3 ഋണങ്ങളോടുകൂടി ജനിയ്ക്കുന്നതിനാൽ, ഋണമോചനം എല്ലാവർക്കും ബാധകമാണ് (പൂർവ്വമീമാംസ – 6.3.31 ജൈമനി) യാഗം മനുഷ്യാധികാരമായി ജൈമിനി പറയുന്നുണ്ടെങ്കിലും, ദേവന്മാർകകും സന്യാസാധികാരമുണ്ടെന്നാണ് ബാദരായണവാദം.–

ചില പരാമർശങ്ങളാൽ, (ഐതിശായനാചാര്യൻ) ശങ്കിച്ച് സ്ത്രീകൾക്ക് സന്യാസം പാടില്ല എന്നതും ജൈമിനി നിഷേധിയ്ക്കുന്നു. യാജ്ഞവല്ക്ക്യരോട് (മഹർഷി) എതിരിട്ട, ഗാർഗ്ഗി, ബ്രഹ്മവിദുഷിയായ മൈത്രേയി, ജനകനുമായി വാദം നടത്തിയ സുലഭ, ഇവരെല്ലാം സമർത്ഥരായ സന്യാസിനിമാരായിരുന്നു. ബൃഹദാരണ്യോപനിഷത്തിലും ഒട്ടേറെ മറ്റു ഭാഷ്യങ്ങളിലും സ്ത്രീ സന്യാസം വിഷയീഭവിച്ചിട്ടുണ്ട്. ശൂദ്രർക്കും സന്യാസം സ്വീകരിയ്ക്കാം. 'ശ്രദ്ധധാന ശുഭാം............ സ്ത്രീരത്നം ദുഷ്കലാദപി' (പേജ് 60) എന്നു മനു വചന പ്രകാരം ആർക്കും സന്യാസിയോ ആചാര്യനോ ആകാം. ആചാര്യ ബാദരി, സത്യകാമൻ, ഭർത്തൃഹരി തുടങ്ങിയവരെ ഉദാഹരിയ്ക്കുന്നു. സത്യകാമൻ ഒരു വേശ്യാദാസിയുടെ പുത്രനും കൂടി ആയിരുന്നു. അനേകം ശൂദ്രരായ സന്യാസിവര്യന്മാരെ ഉദ്ധരിയ്ക്കുകയും ചെയ്യുന്നു.

സന്യാസാധികാരമില്ലാത്തവർ ഇവരൊക്കെയാണ്. വേദ ശാസ്ത്രങ്ങൾക്കും സ്വസമാജത്തിനും, സഹൃദയ സമിതിക്കും ചേരാത്ത ഹീന പ്രവൃത്തികൾ ചെയ്യുന്നവർ ബ്രഹ്മണരാണെങ്കിലും യോഗ്യരല്ല. സംന്യാസം പരമ വൈരാഗ്യമാണെന്ന് തിരിച്ചറിയുന്നവരേ സന്യാസിയാകാവൂ.

സന്യാസവിധി എന്ന രണ്ടാം ഭാഗത്തിൽ സന്യാസം സ്വീകരിയ്ക്കേണ്ട രീതി പറയുന്നു. ഉത്തരായണ കാലത്ത് എല്ലാ ദാനങ്ങളും ചെയ്ത്, ശ്രാദ്ധമൂട്ടി ധാരാളം മന്ത്രങ്ങൾ ജപിച്ച് (ഗായത്രി മുതലായ) ജലത്തിൽ ആഹൂതി കഴിച്ച് പൂണൂൽ (ഉണ്ടെങ്കിൽ) പൊട്ടിച്ച് മന്ത്രോച്ചാരണം നടത്തി, വിധിയാം വണ്ണം, കാഷായ വസ്ത്രവും, ദണ്ഡും ധരിച്ച് ഗുരുവിൽ നിന്നും ആശീർവാദം നേടുന്നു. ഗുരു ഉത്തമമായ ഒരു നാമം കല്പിയ്ക്കുന്നു. മന്ത്രങ്ങളും മറ്റു ക്രമങ്ങളും വിസ്താരഭയത്താൽ ഒഴിവാക്കുന്നു.

## ഈശ്വരഭക്തി

സത്യസ്വരൂപനായ ഈശ്വരനോടുള്ള ധാരമുറിയാത്ത പ്രേമസ്നേഹാദികളിൽ പൊതിഞ്ഞ ചിത്ത വൃത്തിയ്ക്കാണ് ഭക്തി എന്നു പറയുന്നത്. "ഭക്തിയുടെ പ്രകൃതി" സേവയിലാണ് എന്ന് ഗാരുഡത്തിൽ പറയുന്നു. ഈശ്വരനിലേയ്ക്കുള്ള വഴിയിൽ ആ മഹിമാനുഭാവത്തിലുള്ള ചിത്തവൃത്തിയാണ് ഭക്തിയെന്ന് കപിലോപാഖ്യാനം.

ഭക്തിയുടെ 8 അംഗങ്ങളെ താഴെ പറയുംവിധം രേഖപ്പെടുത്തുന്നു.

1. ഈശ്വര ഭക്തന്മാരോടുള്ള വാത്സല്യം
2. ഈശ്വര കാര്യങ്ങളിൽ ഡംഭു ഭാവിയ്ക്കാതിരിക്കുക
3. ഈശ്വര പൂജനത്തെക്കുറിച്ച് അനുമോദനം
4. ഹൃദയത്തെ നിർമ്മലമാക്കി കൊണ്ട് ഈശ്വാരാരാധന
5. ഈശ്വര കഥാശ്രവണത്തിൽ താല്പര്യവും ആ സമയത്ത് വികാരമുണ്ടാകുകയും ചെയ്യുക.
6. എല്ലായ്പ്പോഴും ഈശ്വരസ്മരണയും ഈശ്വരനാമങ്ങൾ കീർത്തിക്കുകയും ചെയ്യുക.

ഭഗവത് കഥ കേട്ട് ഗുണനാമാദികൾ കീർത്തിച്ച് ഈശ്വരനെ സ്മരിച്ച്, ദാസഭാവത്തിൽ വർത്തിച്ച് സഖീ ഭാവത്തിൽ അനുചരിച്ച് ആത്മ സമർപ്പണം ചെയ്യുന്നതിനെയാണ് ഭക്തിയെന്ന് ഭാഗവതം പറയുന്നത്.

എന്നാൽ ഭക്തി, പൂർവ്വ ജന്മ വാസനാ ജന്യമാണ് എന്നാണ് ഭട്ടതിരിപ്പാടിന്റെ അഭിമതം.

ശ്രീരാമ ഭക്തിയെ ആദികവി വാത്മീകി കാണുന്നതും വേദവ്യാസൻ കാണുന്നതും വ്യത്യസ്തമായാണ്.

അദ്ധ്യാത്മ രാമായണത്തിൽ ഭക്തിയുടെ സാധനകളെക്കുറിച്ച് ഭഗവാൻ ശബരിയ്ക്ക് കൊടുക്കുന്ന ഉപദേശം പ്രസക്തമാകുന്നു.

1. സത്തുക്കളുമായുള്ള സംസർഗ്ഗം
2. ഭഗവത് ചരിത്രത്തെ വർണ്ണിക്കുക
3. ഭഗവാന്റെ ഗുണങ്ങളെ പുകഴ്ത്തുക
4. ദേവനേയും ഗുരുവിനെയും അഭിന്നമായി ആരാധിക്കുക
5 ഉപദേശ വിശേഷങ്ങളെ വ്യാഖ്യാനിക്കുക
6. അഹിംസ പരമ ധർമ്മമാക്കുക.
7. ദേവന്റെ മൂല മന്ത്രങ്ങൾ ഉപാസിക്കുക
8. എല്ലാ പ്രാണി വർഗ്ഗത്തിലും ഈശ്വരാംശം കാണുക. ബാഹ്യ വിഷയങ്ങളിൽ വിരക്തി നേടുക
9. ജീവാത്മ പരമാത്മ ഏകത്വം തിരിച്ചറിയുക

ക്ഷേത്ര ദർശനം, ഭഗവത് ഭക്ത സേവനം, വ്രതാനുഷ്ഠാനങ്ങൾ, ക്ഷേത്ര നിർമ്മാണമുൾപ്പെടെ ക്ഷേത്രാദി കാര്യ ശ്രദ്ധയും ഭക്തിയുടെ ദൃഷ്ടാന്തമാണ്. പ്രേമഭക്തിയ്ക്ക് ഉദാഹരണമായി പ്രഹ്ളാദ ഭക്തിയും ഗോപികമാരുടെ ഭക്തിയും എടുത്തു പറയുന്നു. പ്രേമഭക്തിയുടെ ആധിക്യം മൂലം ഭഗവാന് പഴത്തൊലി കൊടുത്ത് പഴം നിലത്തു കളഞ്ഞ കുചേല ബ്രാഹ്മണപത്നിയുടെ ഭക്തി ഭാവത്തോടെയാണ് ഈശ്വര ഭക്തിയെന്ന ഈ ലേഖനം അവസാനിപ്പിക്കുന്നത്.

## പരമാചാര്യ വിചാരം

'ആചാര്യൻ' എന്ന പദത്തെ ഈ ലേഖനത്തിൽ വ്യാഖ്യാനിയ്ക്കുന്നു.

സംസാരവിരക്തി വന്ന മുമുക്ഷു ബ്രഹ്മമാർഗ്ഗ സഞ്ചാരത്തിൽ ഗുണവിശിഷ്ഠനായ ആചാര്യനെ കണ്ടെത്തണം. കാരണം ബ്രഹ്മമാർഗ്ഗ സഞ്ചാരം കത്തിയുടെ വായ്ത്തലയിൽ നടക്കും പോലെ ദുഷ്ക്കരമാണ് ശ്രുതികൾ അനുസരിച്ചും ബ്രഹ്മജ്ഞാന ലാഭത്തിനായി, വേദാംഗജ്ഞനും, ബ്രഹ്മനിഷ്ഠനുമായ ആചാര്യൻ നിർബന്ധമാണ്.

ആചാര്യന്മാർ 3 തരം ഗുണങ്ങളുള്ളവരാണ്

1. ചോദകൻ – വഴികാട്ടിയായ ഗുരു
2. മോദകൻ – മോക്ഷ ക്രമം പഠിപ്പിയ്ക്കുന്ന ഗുരു
3. മോക്ഷദൻ – 'ബ്രഹ്മത്തെ' കൈക്കനിപോലെ പ്രത്യക്ഷമാക്കുന്നു.

എല്ലാഗുണങ്ങളുമുള്ള പരമാചാര്യനായ ഒരു ഗുരുവിനെ കിട്ടിയാൽ അതൊരു പുണ്യമാണ്. ആചാര്യനെ തേടുംമുമ്പ് ആത്മപരിശോധന നടത്തി മൂഢാവസ്ഥ മാറ്റണം. അല്ലെങ്കിൽ അനാചാര്യന്മാരെ ആചാര്യനാക്കേണ്ടി വരും. ശരിയായ ആചാര്യ നല്ലെങ്കിൽ തെറ്റായി പഠിയ്ക്കും. ' അനപത്യന് ദുരപത്യനെപ്പോലെ അനർത്ഥമില്ല ' അത് മാത്രമല്ല ' കിട്ടിയ വിദ്യ ശരിയായി ഉപയോഗിയ്ക്കാനും പറ്റില്ല.

' ലഗ്നം ഹി കിമപി ക്വാപി
കൃച്ഛ്റാദാ കൃഷ്യതേമനഃ '

തെറ്റായ കാര്യം മനസ്സിൽ പതിഞ്ഞാൽ തിരുത്തുവാൻ എളുപ്പമല്ല. ഉദരപൂരണാർത്ഥം ശാസ്ത്രത്തെ വ്യാഖ്യാനിയ്ക്കുന്നവൻ കപടജ്ഞാനിയാണെന്ന് ബൃഹദ്യോഗ വാസിഷ്ഠം പറയുന്നു. ആരുരുക്ഷു (ഉയരാൻ ആഗ്രഹിയ്ക്കുന്നവൻ) വിന്റെ പദവിപോലും ഇല്ലാത്തവൻ ആരൂഢനെ (ഉന്നതസ്ഥാനത്തെത്തിയ ആൾ) അപലപിയ്ക്കുന്നുണ്ട്. ആരൂഢൻ മാനാപമാനമില്ലാത്ത ഗുണാതീതനാണ്. കാഴ്ചയിൽ വിജ്ഞനും വിവിദുഷു (അറിയാൻ ആഗ്രഹിയ്ക്കുന്നവൻ) വും തമ്മിൽ ഭേദമില്ല. അതിനാൽ ശരിയായ ആചാര്യനും, ആത്മ പരിശോധനയും ഒരു മുമുക്ഷുവിന് അത്യന്താപേക്ഷിതമെന്ന് പറഞ്ഞ് ഉപസംഹരിയ്ക്കുന്നു.

## ഭസ്മവും ഭസ്മധാരണവും

ഭസ്മത്തെക്കുറിച്ചും ഭസ്മധാരണത്തെക്കുറിച്ചും തികച്ചും ഒരു വേദാന്ത അപഗ്രഥനമാണ് ഈ ലേഖനം.

ഭാസിക്കുക എന്നാൽ പ്രകാശിയ്ക്കുക– ശുദ്ധബ്രഹ്മം എന്നാൽ ഭസ്മമെന്ന് സ്കന്ദപുരാണത്തിൽ പറയുന്നു. അപ്പോൾ, പ്രകാശിയ്ക്കുക എന്നത് ബ്രഹ്മസ്വഭാവം. മറ്റുള്ളവയെ പ്രകാശിപ്പിയ്ക്കുന്നതും ബ്രഹ്മസ്വഭാവമെന്ന് ശ്രുതി, സ്മൃതി പുരാണങ്ങളും, ഉപനിഷത്തുകളും ഗീതയും പറയുന്നു. അപ്പോൾ ഗുണാത്മകമായ ഭസ്മം ബ്രഹ്മപ്രതീകവും, പരമശിവാംഗതരംഗവും ആകുന്നു. ഭസ്മം, അഗ്നിശാലകളിൽ നിന്നുണ്ടായതോ, അടുപ്പിൽ നിന്നു ഉണ്ടായതോ, ചാണകം ചുട്ടെടുത്തതോ ആകാം. ഏറ്റവുംഉത്തമമായ ഭസ്മം ചാണകം ചുട്ടെടുത്തതാണെന്ന് പുരണാദികളും, ശങ്കരസ്മൃതികളും, ഭസ്മജാബാലോപനിഷത്തിലും പറയുന്നു. ഗോമയം (ചാണകം) ഉദയത്തിന് മുൻപായി പ്ലാശിന്റെ ഇലയിൽ എടുത്ത് ' ത്ര്യംബകം യജാവഹേ ' എന്ന് ചൊല്ലി ഉണക്കി എള്ളും നെയ്യും, നെല്ലും ഹോമിച്ച്, ഭസ്മീകരിച്ച്, ഗായത്രി ജപിച്ച്, ജലശുദ്ധിവരുത്തി രുദ്രമന്ത്രങ്ങൾ ചൊല്ലി സ്വർണ്ണ പാത്രത്തിൽ സൂക്ഷിയ്ക്കണം. ഈ വിധം സൂക്ഷിച്ച ഭസ്മം ധരിച്ചുമാത്രം അനുഷ്ഠാനങ്ങൾ ചെയ്യണം. സന്യാസിയുടെ ഭസ്മധാരണം ഉദ്ധൂളനവും (പൂശലും) ഗൃഹസ്തന്റേത് ത്രിപുണ്ഡ്രവും (മൂന്നു കുറി) ആകണം. ഭസ്മസ്നാനം ആഗ്നേയ സ്നാനമാണ്.

ഭസ്മം ഇടതുകയ്യിലിട്ട് വലതുകൈകൊണ്ട് മൂടിപ്പിടിച്ച് 'അഗ്നിരിതി ഭസ്മം' തുടങ്ങി പഞ്ചഭൂത സ്മരണ നടത്തി, 'രുദ്രായ നമ' തുടങ്ങി സർവ്വദേവതകളേയും സ്മരിച്ച് (വിസ്തരിയ്ക്കാനാകില്ല) മൃത്യുഞ്ജയമന്ത്രവും ഗായത്രിയും ചൊല്ലി ജലം ചേർത്ത് മധ്യ മൂന്ന് അംഗുലികൾ ചേർത്ത് നെറ്റിയിലും മറ്റും വിലങ്ങായി ത്രിപുണ്ഡ്രം ധരിയ്ക്കണം, ഈശാന മന്ത്രം, അഘോര മന്ത്രം, വാമദേവ മന്ത്രം ഇവകൊണ്ടും വിവിധ ശരീരഭാഗങ്ങളിൽ ധരിയ്ക്കുക. ഓം നമശ്ശിവായയും തുടങ്ങി അനേകമന്ത്രങ്ങളെക്കൊണ്ടും ഭസ്മം ധരിയ്ക്കാം. മൂന്നുരേഖകളിൽ ഒന്നാമത്തേത്. ഗാർഹത്യം, അകാരം, രജോഗുണം, ഭൂലോകം സ്വാത്മാവ്, ക്രിയാശക്തി, ഋഗ്വേദം, പ്രാതഃസേവനം, മഹേശ്വര ദേവത ഇവ സൂചിപ്പിയ്ക്കുന്നു.

രണ്ടാമത്തേത്, ദക്ഷിണാഗ്നി, ഉകാരം, സത്വഗുണം അന്തരീക്ഷം, അന്തരാത്മാവ്, ഇഛാശക്തി, യജുർവേദം, മാദ്ധ്യന്ദിതസവന, സദാശിവ ദേവത എന്ന് സൂചന

മൂന്നാമത്തേത് ആഹവനാഗ്നിയും, മകാരവും, തമോ ഗുണവും, ദ്യുലോകവും, പരമാത്മാവും, ജ്ഞാനശക്തിയും, സാമവേദവും, തൃദീയ സവനവും മഹാദേവ ദേവതയും ആകുന്നു. ഇപ്രകാരം ഭസ്മം ധരിച്ചാൽ സർവ്വപാപമോചനവും സർവ്വ ഐശ്വര്യവും നേടി സായൂജ്യം നേടുന്നു. മുഗ്ഗോപി (ഊർദ്ധപുണ്ഡ്രം) ധരിയ്ക്കുന്നവർ ഭസ്മവും കൂടി ധരിയ്ക്കണം. എന്നാൽ ഭസ്മംകൊണ്ട് ഊർദ്ധപുണ്ഡ്രം ധരിയ്ക്കാൻ പാടില്ല എന്ന് പറഞ്ഞു നിർത്തുന്നു.

# സ്വപ്ന നിരൂപണം

സ്വപ്നത്തെക്കുറിച്ചു ശിവഗീതയനുസരിച്ചുള്ള അർത്ഥമാണ് വ്യാഖ്യാനിക്കുന്നത്. സ്വപ്നം സാക്ഷി ഭാസ്യമാണെന്ന് പറയുന്നു. അതായത് ഇന്ദ്രിയാനുഭവങ്ങളില്ലാതെ വ്യാവഹാരികമായി അവിദ്യാ വൃത്തിയിൽ പ്രതീതിയുണ്ടാകുന്നത്. ജാഗ്രത് അവസ്ഥയിൽ പല പല കാലഘട്ടത്തിൽ കാണുന്ന സ്വപ്നം–ശൈശവ കാലത്ത് സ്തന്യപാനാദി ക്രീഡകളെക്കുറിച്ച് കാണുന്ന സ്വപ്നം, മദ്ധ്യ കാലഘട്ടത്തിൽ ദൈനം ദിന കാര്യങ്ങളുമായി ബന്ധപ്പെട്ട സ്വപ്നം, പ്രായമായവർ വരാൻ പോകുന്ന ജന്മത്തെ ക്കുറിച്ച് സ്വപ്നം കാണുന്ന അവസ്ഥയും ശിവഗീതയിൽ പറയുന്നു.

മുജ്ജന്മ വാസനകളും വരാതിരിക്കുന്ന അനുഭവങ്ങളും സ്വപ്നത്തിൽ കാണാമെന്ന് ശിവ ഗീത പ്രമാണമാക്കി പറയുന്നു.

സ്വപ്നം കാണുന്ന കാര്യം സംഭവിക്കാമെന്നത് തെറ്റാണെന്ന് വ്യാഖ്യാനിക്കുന്നവർക്ക് ഒരു മറുപടി പോലെ ശ്രുതി പ്രമാണങ്ങളുടെ പിൻബലത്താൽ സമർത്ഥിക്കുന്നു. ബ്രഹ്മസൂത്രം, ഭാഷ്യം, മുതലായവയിലെ ഉദ്ധരണികളും കൊടുക്കുന്നു. സ്വപ്നത്തിന്റെ ഫലമായി നിദ്രാഭംഗം വിഭ്രമം, എന്നിവ ഉണ്ടാകാറുണ്ടെന്നും ഛായ, പ്രതിധ്വനി, മുതലായവ അസൽ പദാർത്ഥങ്ങളുടെ കാര്യകര ത്വത്തെക്കുറിച്ചും വിവരിക്കുന്നു. ചിന്താകാരനും, വ്യാധി പീഡിതനും, ഭയചകിതനും വേഗങ്ങളെ തടയുന്നവനും ലഭിക്കുന്ന സ്വപ്നങ്ങൾ ഫലിക്കുന്നവയല്ല. സ്വപ്നത്തെക്കുറിച്ച് ഇങ്ങിനെ പറയു ന്നു. പ്രഥമ യാമത്തിലെ സ്വപ്നം 1 വർഷത്തിനകവും, ദ്വിതീയ യാമത്തിലേത് 8 മാസത്തിനകവും, 3–ാം യാമത്തിലേത് 3 മാസത്തിനകവും, നാലാം യാമത്തിലേത് പക്ഷത്തിനകവും അരുണോദയ സമയത്ത് കാണുന്നത് അന്നുതന്നെയും ഫലിക്കുമെന്ന് പറയുന്നു. ഇതെല്ലാം ബ്രഹ്മവൈവർത്തം, മാത്സ്യം ഇത്യാദി പുരാണങ്ങളിലൂടെ സമർത്ഥിച്ചതാണ്.

ആചാര്യന് ഇതേ രീതിയിൽ അനുഭവത്തിലുണ്ടായതായി പറയുന്നു. സ്വപ്നഫലം എല്ലാവർക്കും ഒരുപോലെയാകില്ല ലഭിക്കുന്നത്. എല്ലാം യാദൃശ്ചികം എന്ന് പറയാൻ പാടില്ല. ഉപ വാസങ്ങളും ജപങ്ങളും എത്രത്തോളം അനുഗ്രഹ ദായകങ്ങളാണെന്നും സ്വപ്നത്തിലെ വിപ്രനെ ദേവസങ്കൽപത്തിൽ കാണണമെന്നും ചിലർ ചിന്തിക്കുന്നു.

(1091 കർക്കിടകം 16–ാം തീയതി സ്വാമികൾക്കുണ്ടായ ഒരു ദുർഘട ഘട്ടത്തെ പറ്റി അനുസ്മരണം)

സ്വപ്ന ദർശനം സത്യമാകുമെന്ന് മുൻ ലേഖനത്തിൽ പറഞ്ഞതിന്റെ തുടർച്ചയാണിത്. ശ്രീ പരമേശ്വരനെ സഗുണോപാസന ചെയ്തിരുന്ന ആ കാലഘട്ടത്തിൽ ചിത്തവൃത്തിയും ജ്ഞാന വൈരാഗ്യവും സിദ്ധിച്ചിരുന്നതായി സ്വയം ബോദ്ധ്യപ്പെട്ടു തുടങ്ങിയിരുന്നു. അക്കാലത്ത് 1073 ധനു 89 കർക്കിടകം 91 ഇടവം എന്നീ കാലഘട്ടങ്ങളിലുണ്ടായ ചില ദുർഗതികൾ സ്വപ്നാനുഭൂതിയായി അനുഭവവേദ്യമായിരുന്നു എന്നും അത് ശ്രീപരമേശ്വരോപാസനയാൽ അനുഗ്രഹസിദ്ധിയെ പ്രാപിയ്ക്കുകയും ചെയ്തു എന്ന് സാരം.

പ്രാരാബ്ധ കർമ്മഫലത്തെക്കുറിച്ചുള്ള ജ്ഞാനമുണ്ടാകയാൽ, ശുദ്ധമനസ്സിനാൽ, യോഗ ചര്യയിൽ ബദ്ധനായതിനാൽ മനോനിരോധം വന്ന് ശരത് കാലാകാശം പോലെയായിയെന്നും മ നോനിരോധം വന്നത് ഈശ്വരാനുഗ്രഹമാണെന്നും പ്രാരാബ്ധ കർമ്മത്തിന്റെ ബലം കുറഞ്ഞതിനാ ലാകാമെന്നും കരുതുന്നു. എല്ലാ പ്രവൃത്തികളിൽ നിന്നും ഉള്ള 'നിവൃത്തി'. അതായത് പുസ്തക രചന, പ്രസംഗം, ഉപദേശം ഇവയും നിറുത്തിയാൽ) പ്രാരാബ്ധചിന്തയില്ലാതെ സ്വയം പ്രകാശിയ്ക്കുന്ന സ്വബോധമായി വിളങ്ങുമെന്ന പ്രസ്താവനയോടെ നിർത്തുന്നു.

# പ്രാരബ്ധചിന്ത

ഗ്രഹദോഷം, പ്രാരബ്ധ സഞ്ചയം, കഷ്ടകാലം എന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ഈ ലേഖനം. പ്രാരബ്ധ കർമ്മം, സഞ്ചിത കർമ്മം, ആഗാമി കർമ്മം ഇത്തരം പദങ്ങളുടെ വ്യക്തതയും വരുത്തുന്നു. പ്രാരബ്ധ കർമ്മം ശരീരമുള്ളപ്പോൾ തന്നെ അനുഭവിച്ചു തീർക്കണം. അതിനിടയിൽ ദേഹപാതം (മരണം) സംഭവിയ്ക്കില്ല. പൂർവ്വകർമ്മമാണ് അല്ലെങ്കിൽ കർമ്മഫലമാണ് പ്രാരബ്ധങ്ങൾ. വിദേഹമുക്തിയും ജീവന്മുക്തിയും രണ്ടാണ്. ലോകവ്യവഹാരത്തിൽ കുറവു വരുത്തിയാൽ ജീവന്മുക്തി സുഖം കൂടും.

സ്വരൂപാനുഭവം ഉണ്ടായശേഷം സ്വാമികൾ ജീവന്മുക്തിയ്ക്കായി ശ്രമിച്ചിരുന്ന കാലത്ത് അല്പാഹാരിയോ അനാഹാരിയോ ആയിരുന്നു. പക്ഷെ ഇടയ്ക്ക് പല വ്യാവഹാരിക വിഷയങ്ങളിലേർപ്പെട്ടതിനാൽ പ്രാരബ്ധം കൂടി. മനോവൃത്തി പലതിലും വ്യാപാരിച്ചാൽ പ്രാരബ്ധം കൂടും. ശരീരം ക്ഷീണിയ്ക്കുമ്പോളും ജീവന്മുക്തന് കുഴപ്പമില്ല. പക്ഷെ പ്രാരബ്ധം കൂടുകയും ദേഹപാതം (മരണം) സംഭവിയ്ക്കാതെയുമിരുന്നാൽ കഷ്ടതകൂട്ടും. 72–ാം കൊല്ലവർഷത്തിലും സ്വാമി അതുപോലൊരവസ്ഥയിൽ എത്തി. പക്ഷെ വൈരാഗ്യ അഭ്യാസത്താൽ അത് അകന്നുപോയി. എന്നാൽ 82 കാലഘട്ടത്തിൽ വ്യവഹാരികതയിൽ പെട്ട് യുധിഷ്ഠിരാദികളെപ്പോലെ പ്രാരബ്ധത്തിൽ മുങ്ങി.

ദൈവം എന്നത് പൂർവ്വകർമ്മരൂപമാണെന്ന് തിരിച്ചറിയുന്നു. പൂർവ്വ കർമ്മരൂപവും ഇജ്ജന്മ കർമ്മരൂപവും ഏറ്റു മുട്ടുമ്പോൾ, പൂർവ്വകർമ്മം ശക്തമാണെങ്കിൽ വർത്തമാനദേഹം അത് അനുഭവിയ്ക്കുന്നു. നളൻ, ശ്രീരാമൻ, യുധിഷ്ഠിരൻ, വിദാരണ്യസ്വാമി. മധുസൂദനസ്വാമി ഇങ്ങിനെ ഭക്തന്മാർക്കുപോലും പ്രാരബ്ധകർമ്മം അനുഭവിയ്ക്കേണ്ടി വന്നിട്ടുണ്ട്. ഭക്തികൊണ്ടോ, ധ്യാന സഹസ്രം കൊണ്ടോ പ്രാരബ്ധം മാറ്റാനാകില്ല. ജ്ഞാനിയ്ക്കും അത് ബാധകമാണ്. പ്രാരബ്ധ കർമ്മം അനുഭവിച്ചു തീർക്കണം, സഞ്ചിത കർമ്മങ്ങൾ ജ്ഞാനം കൊണ്ട് നശിയ്ക്കും. ആഗാമി കർമ്മങ്ങൾ, (അതായത് ജ്ഞാനലബ്ധിയ്ക്ക് ശേഷം ചെയ്തവ), മറ്റുള്ളവർക്ക് ആയിരിക്കും ഫലത്തെ നൽകുക. സഞ്ചിതാഗാമികൾ ജ്ഞാനിയ്ക്ക് ഉണ്ടാകുകയില്ല എന്ന് ബ്രഹ്മസൂത്രം പറയുന്നു. ആഗാമി കർമ്മങ്ങളുടെ ഫലം അനുഭവിയ്ക്കേണ്ടത്, ജ്ഞാനികളെ വന്ദിയക്കുന്നവരും നിന്ദിയ്ക്കുന്നവരും ആയിരിയ്ക്കും എന്ന് കൗഷീതകി ഉപനിഷത്ത് പറയുന്നു. വിസ്താരഭയത്താൽ ശ്ലോകവ്യാഖ്യാനം ഉൾപ്പെടുത്തിയിട്ടില്ല.

## പുനർവിവാഹം – ജി. രാമൻമേനോന്റെ പൗരനിൽ പ്രസിദ്ധീകരിച്ചത്

പുനർവിവാഹത്തിന്റെ സാദ്ധ്യതയെക്കുറിച്ച് ശ്രുതിയും സ്മൃതിയും ഉദ്ധരിച്ച് പൂർവ്വ പക്ഷവും ഉത്തരപക്ഷവും പറഞ്ഞ് സംപക്ഷത്തിലെത്തിച്ചേരുന്നു ആചാര്യൻ.

ആദ്യഭാഗത്ത് പറയുന്നത് ഇപ്രകാരം–

ഭർത്താവ് മരിച്ചാൽ ഉടൻതടി (സതി) ചാടുകയോ, ബ്രഹ്മചര്യം ദീക്ഷിയ്ക്കുകയോ ചെയ്യണമെന്ന് വിഷ്ണുസ്മൃതിയിൽ പറയുന്നു. എന്നാൽ ബ്രഹ്മചര്യനിഷ്ഠ സ്ത്രീകൾക്ക് സാദ്ധ്യമല്ല എന്ന് പറഞ്ഞ് ഉടൻതടി ചാട്ടം ഏർപ്പെടുത്തിയിരുന്നു. ശങ്കരചാര്യ സ്വാമികൾ അതിനെ ശക്തമായി എതിർത്തിരുന്നു. ചില ആചാര്യന്മാർ ബ്രിട്ടീഷ് സർക്കാരിന്റെ സഹായത്തോടെ അതു നിറുത്തലാക്കി. എന്നാൽ ചിലർ പിന്നീട് ബ്രഹ്മചര്യവ്രതവും ഒപ്പം തലമുണ്ഡനവും നിർബന്ധമാക്കി. എന്നാൽ വിരക്തി വിഷയമായ സന്യാസത്തിൽ താല്പര്യമില്ലാതിരുന്ന സ്ത്രീകളെ അങ്ങിനെ കെട്ടിയിടാതെ കരുണാർദ്രഹൃദയമായ ഋഷീശ്വരന്മാർ സ്മൃതിലും ശ്രുതിയിലും പുനർവിവാഹത്തെ അംഗീകരിയ്ക്കുന്നു.

വൈദിക കാലത്തും പുനർവിവാഹം നടന്നിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. വിധവയ്ക്ക് സന്താനവൃദ്ധി വരുത്തുന്നതിനായി ഭർത്താവിനെ സ്വീകരിയ്ക്കാമെന്ന് 'പ്രജാവതീർവീര സൂർദ്ദേവുകമാ' എന്ന മന്ത്രവും സൂചിപ്പിയ്ക്കുന്നു– ദേവരൻ എന്ന വാക്കിന്റെ അർത്ഥം രണ്ടാം ഭർത്താവ് എന്നാണ് എന്ന് നിരുക്തം പറയുന്നു.

സ്മൃതി നിഷേധിയ്ക്കുന്ന കാര്യവും ശ്രുതി അംഗീകരിയ്ക്കുന്നതെങ്കിൽ അത് സ്വീകരിയ്ക്കണം. സ്മൃതി അപസ്മൃതിയാണെന്ന് സുരേശ്വര വാക്യം പറയുന്നുണ്ടത്രേ. സംസ്കൃതലോകത്തിൽ പ്രചാരം ലഭിച്ച 'പുനർഭൂ' എന്ന പദത്തിന് അർത്ഥം പറയുന്നത്, ഒരുവന്റെ ഭാര്യയായിരുന്നവൾ (പുനർവിവാഹം ചെയ്തവൾ) എന്നാണ്. ഇത് സമർത്ഥിയ്ക്കുന്നത് പുനർവിവാഹം അന്ന് നടത്തിയിരുന്നു എന്നാണ്.

നാരദസ്മൃതിയിൽ 3 തരം പുനർവിവാഹം പറയുന്നു.

(1) പാണിഗ്രഹണശേഷം ഭർത്താവിനോട് സംസർഗ്ഗം ചെയ്യാത്ത കന്യകയെ രണ്ടാമത് വിവാഹം കഴിയ്ക്കുക.
(2) ഭർതൃസംസ്രർഗ്ഗത്തിന് ശേഷം വിധവയാകുന്ന സ്ത്രീയുടെ പുനർവിവാഹം.
(3) കന്യകയെ ബന്ധുക്കൾ തന്നെ വിവാഹം ചെയ്ത് അയയ്ക്കുന്ന രീതി.

അതുപോലെ ഭർത്താവിനെ കാണാതെ വരികയോ, സന്ന്യസിക്കുകയോ, ജാതി ഭ്രഷ്ടനാക്കുകയോ ഷണ്ഡനാകുകയോ ചെയ്താലും സ്ത്രീകൾക്ക് പുനർവിവാഹം ആകാമെന്ന് സ്മൃതികാരാചാര്യൻ പറയുന്നു. പൂർവ്വ ബന്ധത്തിൽ പതിവ്രതാശുദ്ധി സൂക്ഷിച്ച സ്ത്രീ പുനർവിവാഹിത ആയാലും പതിവ്രതാധർമ്മം തുടരുമെന്നും ഈശ്വര ചന്ദ്രവിദ്യാസാഗറുടെയും അശുതോഷ് മുഖർജിയുടെയും, ശങ്കരാചാര്യരുടെയും എല്ലാം ശക്തമായ പിന്തുണയും സ്മരിയ്ക്കുന്നു.

അബലകളായ സ്ത്രീകളുടെ വൈധവ്യം എന്ന ദുര്യോഗത്തിന് ധർമ്മത്തിന്റെ പ്രമാണത്താൽ മോചനം ലഭിയ്ക്കാൻ പുനർവിവാഹം വിധിഹിതയാണെന്ന് പറഞ്ഞു വയ്ക്കുന്നു. വിധിപ്രകാരമുള്ള പുനർവിവാഹത്തെ സംപക്ഷമായി പറയുന്നു.

അതുപോലെ തന്നെ ബാല വിവാഹത്തെയും മനുസ്മൃതി ഉദ്ധരിച്ച് എതിർത്തുകൊണ്ടാണ് ഈ ലേഖനം അവസാനിപ്പിയ്ക്കുന്നത്.

# പറച്ചി പെറ്റ പന്തിരുകുലം

1073 മീനം ലക്കം പോഷിണിയിൽ വന്ന ലേഖനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

വരരുചി എന്ന ബ്രാഹ്മണന് പറയസ്ത്രീയിൽ ജനിച്ച 12 മക്കളുടെ കഥയിലൂന്നി ജാതി ഭൃഷ്ടി നെതിരായി എന്ന് തോന്നിപ്പിക്കുന്ന ലേഖനം. ചില ദേശത്ത് ചിലർ മരിച്ചാൽ മറ്റു ചില ദേശത്തെ അന്യമതസ്ഥർക്കു പോലും പുലയുണ്ടാകുന്ന ചരിത്രം പന്തിരുകുലത്തിലെ മക്കൾ പന്തിരുകുല ക്കാരാണ്. ആദ്ധ്യൻ നമ്പൂതിരി, നായർ, ഇളയത്, വെളുത്തേടൻ, മാപ്പിളതച്ചൻ, പാണൻ, പുലയൻ, എന്നിങ്ങനെ പല ജാതിക്കാരും അഗ്നിഹോത്രിയുടെ വീട്ടിലെത്തി ആണ്ടോടാണ്ട് ശ്രാദ്ധമൂട്ടാറുണ്ടാ യിരുന്നതും എല്ലാവരും തത്വജ്ഞാനികളായിരുന്നെന്ന് പാക്കനാരുടെ പാണ്ഡിത്യത്തെ ഉദാഹരി ച്ചുകൊണ്ട് ഇപ്രകാരം പറയുന്നു.

മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹനം, വിശുദ്ധി അജ്ഞത എന്നീ ഷഡാധാ രങ്ങളിലുള്ള സ്ഫുരരൂപിയായ ജീവാത്മാവ് ദേഹം വിട്ട് പോയി പുനശരീര പ്രാപ്തി പഞ്ചഭൂതങ്ങ ളെക്കൊണ്ട് നേടുകയാണല്ലോ. ഇങ്ങിനെ വീണ്ടും ലഭിച്ച ദേഹം പഴകി പോകും മുമ്പ് എന്നെ പരി ശുദ്ധ ചിദ്രൂപനാക്കണേ, ശ്രീ വെങ്കിടം എന്നിടത്ത് അരുളുന്ന ശ്രീരാമ തിരുപ്പതി വെങ്കിടേശനെ പാക്കനാർ സ്തുതിക്കുന്നതാകാം. അവരിൽ ഒരാളായ കാരക്കൽ മാതാവും അത്യന്തം ശ്രേഷ്ഠ ആയിരുന്നു.

ദേശാടനത്തിനിടയിൽ വരരുചിയും പത്നിയും 11 ദേശങ്ങളിലായി 11 മക്കളെ ഉപേക്ഷിച്ചു. എങ്കിലും അവസാനത്തെ 12–ാമത്തെ മകന് വായില്ല എന്ന് പറഞ്ഞതനുസരിച്ച് അതിനാൽ എടു ത്തുകൊള്ളാൻ പിതാവായ വരരുചി സമ്മതിച്ചു എന്നുമാണ് ഐതിഹ്യം. അതാണ് വായില്ലാക്കു ന്നിലപ്പൻ.

ഈ കാലഘട്ടം ശങ്കരാചാര്യസ്വാമികളുടെ കാലത്തിനു വളരെ മുമ്പാണ്.

## ശ്രീ ശങ്കര ഭഗവത് – പാദാദികളുടെ കാലം

ശ്രീ ശങ്കരാചാര്യ സ്വാമികളെക്കുറിച്ചുള്ള ഒരു ചെറിയ ലേഖനമാണ് ഇത്.
അദ്ദേഹം ജീവച്ചിരുന്നതിന്റെ വ്യത്യസ്ത കാല നിർണ്ണയങ്ങൾ ഇപ്രകാരം പറയുന്നു.

1. 'ആചാര്യ വിദ്യാസുധാകാര ' മനുസരിച്ച് 3889–ാമത് കലിവർഷത്തിലാണ്. (ഇപ്പോൾ കലി വർഷം 5123)
2. ഡോ. ഭാസ്ക്കറുടെ അഭിപ്രായത്തിൽ 600 മത് വിക്രമാബ്ദത്തിന് മുമ്പാണ്.
3. മലയാളത്തിന്റെ സ്വന്തം 'കടപയാദി' സംഖ്യാ ശാസ്ത്രമനുസരിച്ച് ആ–ചാ–ര്യ–വാ–ഗ–ഭേ–ദ്യ അതായത് 1434160 എന്ന കലിയുഗ ദിവസ സംഖ്യ ചെന്നപ്പോഴാണ്. ആചാര്യ സ്വാമി ആചാര്യ സ്ഥാപനം നടത്തിയതെന്നും, മലയാളം വിട്ടുപോയതെന്നും കണക്കാക്കുന്നു. കൊല്ലവർഷം ആരംഭം അതാണെന്നും പറയുന്നു.

898 മതു വിക്രമ വർഷത്തിലുണ്ടായിരുന്ന ആചാര്യ വാചസ്പതി മിശ്രന്റയും സുരേശ്വരാചാര്യന്റെയും കാലത്തെയും ഗണന നടത്തുന്നുണ്ട്.

സ്വാമികളുടെ അമ്മാത്ത് (അമ്മ വീട്) പിറവത്തിന് അടുത്ത് മേൽപ്പാഴൂർ മനയാണെന്ന് ഇദ്ദേഹവും പറയുന്നു. ആ ഇല്ലം കെട്ടിയത് സ്വാമിയുടെ കണക്കിലായിരുന്നു. ആ കുടുംബത്തിലെ ഓരോ തലമുറയിലും ആദ്യത്തെ ആൾക്ക് ശങ്കരൻ എന്നായിരുന്നു നാമം.

ആ ഇല്ലത്തെ പടിപ്പുര മാളികയിൽ സൂക്ഷിച്ചിരുന്ന ഗ്രന്ഥം ചില വേണാട്ട് നമ്പൂതിരിമാർ കത്തിയ്ക്കാൻ ശ്രമിച്ചു എങ്കിലും. സ്വാമികളുടെ തപശ്ശക്തിയാൽ കത്തിയില്ല എങ്കിലും പടിപ്പുര ' വാഴാതെ പോകട്ടെ ' എന്ന സ്വാമിയുടെ ശാപം ഏറ്റു എന്നും പറയുന്നു.

ജോതിഷപണ്ഡിതനായ 'തലക്കുളത്ത് ഭട്ടതിരി' ഒരു ശാപത്താൽ ജാതി ഭൃഷ്ടനായി. ആ ജ്യോതിഷികാഗ്രനായ ഭട്ടതിരിയുടെ വംശത്തിലെ ജ്യോത്സ്യന്മാരുടെ വംശപരമ്പര ഗൃഹമാണ് പാഴൂർ പടിപ്പുര എന്നും സൂചിപ്പിക്കുന്നു.

## മാമങ്ക വൃത്താന്തം

മൂവാറ്റുപുഴയ്ക്കടുത്ത് മാറാടി എന്ന ദേശമായിരുന്നു ശ്രീ. നീലകണ്ഠ സ്വാമികളുടെ ജന്മദേശം. ആ പ്രദേശത്ത് ജീവിച്ചിരുന്ന ചില അഭ്യാസ മുറ അറിയാവുന്നവരെക്കുറിച്ചാണ് ഈ ലേഖനം.

വള്ളിക്കുട നായർ പണിക്കർ എന്ന അഭ്യാസി ജലത്തിന് മീതെ മെതിയടിയും തൂശനിലയും ഇട്ട് നടന്നിരുന്നതായി പറയുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന 'കുഞ്ചുവാർ' തച്ചോളി ഒതേന നെപ്പോലും കടത്തിവെട്ടുന്ന അഭ്യാസി ആയിരുന്നു. ഇടംപിരി വലംപിരി വശമുണ്ടായിരുന്ന അയാളെ 'അഞ്ചുക്കുളപ്പണിയ്ക്കർ' എന്ന മഹാ അഭ്യാസി അപായപ്പെടുത്തിയ കഥയാണ് മറ്റൊന്ന്. ഈ അഞ്ചുക്കുള പണിയ്ക്കരുടെ വീട് സ്വാമികളുടെ പിതൃഗൃഹത്തിനടുത്തായിരുന്നു. വള്ളിക്കുട നായർ കുടുംബത്തിലെ അവസാന അവകാശിയേയും കുഞ്ചുവാരുടെ അച്ഛനെയുമൊക്കെ നേരിട്ട് കണ്ടിട്ടുണ്ട് എന്നും പറയുന്നു. നായർ പണിക്കരുടെ കുറെ കുടുംബാംഗങ്ങൾ കാനായി തൊമ്മൻ (സെന്റ്. തോമസ്) വന്ന കാലത്ത് മതപരിവർത്തനം നടത്തുകയുണ്ടായി.

നേരത്തെ പറഞ്ഞ അഞ്ചുക്കുളപ്പണിക്കരുടെ ശിഷ്യനായിരുന്ന 'ഇട്ടിക്കോന്തി നായർ', 'കർമ്മവശാൽ' വിവാഹം ചെയ്തിരുന്നത് ' മാമങ്ക ' എന്ന പേരുള്ള ഒരു പറവിയെ ആയിരുന്നുവെന്ന് രസകരമായി പറയുന്നു.

ഈ ' മാമങ്ക ' അസാമാന്യ അഭ്യാസി ആയിരുന്നുവെന്നും, മൂവാറ്റുപുഴ താലൂക്കിൽ ജീവിച്ച മാമാങ്ക, കൂടുവിട്ടു കൂടുമാറ്റം (പരകായ പ്രവേശം) മുതലായ അഭ്യാസ മുറകൾ ചെയ്തിരുന്ന എന്നും പറഞ്ഞു കേട്ടിരുന്നു.

പല വിദ്യകളിലും സിദ്ധിയുണ്ടായിരുന്നവർ ആ വിദ്യകളെല്ലാം ഗോപ്യമായി വച്ചതിനാലും ശരിയാംവണ്ണം ഗ്രഹിയ്ക്കാൻ താല്പര്യമുള്ള ശിഷ്യർ ഇല്ലാതിരുന്നതിനാലും പല വിദ്യകളും അന്യം നിന്നു പോയത് 'കാല വൈഭവം' എന്ന് പരിതപിച്ചു കൊണ്ടാണ് ഈ ലേഖനം അവസാനിപ്പിക്കുന്നത്.

## ആദിമ മലയ ക്ഷത്രിയ നായക കേസരി

അല്ലയോ മലയ ക്ഷത്രിയനായക മാലാമാദ്ധ്യമണികളേ! എന്ന സംബോധനയാൽ തുടങ്ങുന്ന ഈ ലേഖനം 1089 ചിങ്ങം 8 – ാം തീയതി എഴുമറ്റൂർ ശ്രീ വിദ്യാധിരാജ പരമ ഭട്ടാരാശ്രമ ഉദ്ഘാടന വേള യിൽ വായിച്ചതാണ്.

ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി എന്ന സന്യസ ശ്രേഷ്ഠന്റെ ശ്രമഫലമായി 'ആചാര പദ്ധതി ' എന്ന മലയ ക്ഷത്രിയ പദ്ധതി നിലവിൽ വന്നതും. അതിനു മുമ്പും പിമ്പും നായന്മാർ അനുഭവിച്ചി രുന്ന പീഡനങ്ങളും പരിഹാസങ്ങളും ആണ് മുഖ്യവിഷയം. കൂടാതെ ധാരാളം ഗവേഷണങ്ങളിലൂ ടെ നായന്മാർ മലയ ക്ഷത്രിയ നായകന്മാരായിരുന്നു എന്നും സ്ഥാപിയ്ക്കുന്നു.

ബ്രഹ്മണ മേൽക്കോയ്മ നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ നായന്മാരെ ശൂദ്രന്മാർ എന്ന രീതിയിൽ കണക്കാക്കിയിരുന്നു. ഒരിയ്ക്കൽ പ്രസിദ്ധനായ ഡോ. ഭണ്ഡാർക്കറുമായുള്ള സംഭാഷ ണ മദ്ധ്യേ നായന്മാർ ശൂദ്രന്മാരല്ലേ എന്ന് പറഞ്ഞുവെന്നും ആ സമയം ഭണ്ഡാർക്കറുടെ ജന്മ രഹസ്യം ചൂണ്ടിക്കാണിച്ച് സംസാരിയ്ക്കാനൊരുങ്ങിയെങ്കിലും ഒരു സൗഹൃദം നഷ്ടപ്പെടുത്തേണ്ട എന്ന് കരുതി മൗനം പാലിച്ചുവത്രേ.

പിന്നീട് ബൽഗാമിൽ വച്ചും, മറ്റുപല സദസ്സുകളിൽ വച്ചും, നാട്ടിലെത്തിയ ശേഷവും ശൂദ്ര രെന്ന പേരിൽ പരിഹാസ്യനാകുന്നതും, ദാസ്യവൃത്തിയും, അസ്വാതന്ത്ര്യവും തിരിച്ചറിയുകയും 'നായന്മാർ നായന്മാർ തന്നെ' എന്ന ലേഖനം കേരളീയ നായർ സമാജത്തിന്റെ യോഗത്തിൽ വായിയ്ക്കുകയും ചെയ്തു. അതിന് ശേഷം നായർ ബില്ലു വന്നപ്പോൾ അതിലും നായന്മാർ ശൂദ്ര ന്മാരല്ല എന്ന് പ്രഖ്യാപിയ്ക്കുകയുണ്ടായി, നായന്മാർ ക്ഷത്രിയന്മാരാണ് എന്ന ഒരു പ്രസ്താവന 'ചിറയ്ക്കൽ ഇളയരാജ ' നടത്തിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട്, ചേരമാൻ പെരുമാളുടെ കാലത്തുണ്ടായിരുന്ന ധാരാളം ഗ്രന്ഥങ്ങൾ വിശദമായി പഠിച്ചപ്പോൾ നായന്മാർ മലയാളത്തിലെ ആദ്യ ക്ഷത്രിയരാണെന്ന് മനസ്സിലാക്കി. ബില്ലു വന്നിട്ടും ചില ദുഷ്ബുദ്ധികൾ ചാതുർവർണ്ണ്യവ്യവസ്ഥ പറഞ്ഞ് നായർ ശൂദ്രരെന്ന് വാദിച്ചു. ചാതുർ വർണ്ണ്യം, വർണ്ണ വ്യവസ്ഥയാണ്, ജാതി വ്യവസ്ഥ അല്ല എന്ന് മനസ്സിലാക്കാതെ ചിലർ ഗോമയ പായസന്യായം പോലെ (പശുചാണകം പായസമെന്നപോലെ) കൊണ്ട് നടന്നിരുന്നു.

അതിന് ശേഷമാണ് ആചാരപദ്ധതി ഉണ്ടാക്കിയത്. ഷോഡശ സംസ്കാരത്തിന്റെ മാതൃക യിൽ നായന്മാരുടെ പുല, വാലായ്മ തുടങ്ങിയ എല്ലാ ആചാരങ്ങളും. കേരളമൊട്ടുക്ക് ഒരേ രീതി യിൽ പ്രമാണമാക്കാനായിരുന്നു ആചാരപദ്ധതി. കുറച്ച് എതിർത്തു എങ്കിലും. ദിവാൻപേഷ്കാർ നാരായണ മേനോൻ, ചീഫ് ജസ്റ്റിസ് കെ രാമൻമേനോൻ തുടങ്ങി പല പ്രമുഖരും അതിനെ അഭിന ന്ദിച്ചു. 'ആചാര പദ്ധതിയനുസരിച്ച് ' മേലാളന്മാരെന്ന് പറഞ്ഞിരുന്ന നമ്പിടി, എളയത് ഇങ്ങനെയു ള്ളവരുടെ പൗരോഹിത്യസ്ഥാനം നഷ്ടമായി. ധാരാളം ആസൂയക്കാർ എതിർപ്പുമായി രംഗത്തു വന്നു. ചിലർ ഷോഡശ സംസ്കാരത്തിന് പകരം 64 സംസ്കാരം വേണമെന്ന് വരെ പറഞ്ഞു. പുസ്തകം വന്നെങ്കിലും അതു നടപ്പിൽ വരുത്തുക പ്രയാസമായിരുന്നു. എതിർപ്പുകൾ ധാരാളമു ണ്ടായി. പരേതനായ ഗോവിന്ദനുണ്ണിത്താന്റെ കർമ്മങ്ങൾക്ക് ആചാരപദ്ധതി നിലവിൽ വന്നു. കൈതവന വേലുപിള്ള, പെരളശ്ശേരിൽ കൃഷ്ണപിള്ള, കൊറ്റി നാട്ട് കേശവപിള്ള വെച്ചൂരേത്ത് കൃഷ്ണപിള്ള, എൻ.എസ്.എസ് കാര്യദർശി മന്നത്തു പത്മനാഭപിള്ള അവർകൾ (വിജ്ഞാന തരം ഗിണി, പേജ് 113, 114, 15, 116, 117) തുടങ്ങി ഒട്ടനേകം പേർ ആചാര പദ്ധതി നടപ്പിൽ വരുത്താൻ ശ്രമം നടത്തി. ജസ്റ്റിസ് രാമൻ തമ്പി പോലെയുള്ള മഹാന്മാർ സ്വഗൃഹത്തിൽ പദ്ധതിയനുസരിച്ച് 12 ന് ത ന്നെ സപിണ്ഡീകരണം എന്ന് തീരുമാനിച്ചു. അടിയന്തിരത്തിനു മറ്റും കണക്കു പറഞ്ഞിരുന്ന ഇളയ തുമാർക്കും അവരുടെ ദല്ലാളുമാർക്കുമൊക്കെ, പൗരോഹിത്യവൃത്തി നഷ്ടമായതിൽ ദേഷ്യമുണ്ടായി (പേജ് 114,115).

നായന്മാർ ഐകമത്യത്തിലും, ഐകരൂപത്തിലും നടക്കയും നടത്തിയ്ക്കുകയും സമുദായ ത്തിന് ഉയർച്ച വരുന്ന കാര്യങ്ങൾ ചെയ്യണമെന്നും അഭിപ്രായപ്പെടുന്നു.

നായർ വർഗ്ഗം മലയാളത്തിലെ 'ആദിമക്ഷത്രിയരാണെന്ന് ധാരാളം ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ മലയ ക്ഷത്രിയ നായക സമയ പദ്ധതിയിൽ വ്യക്തമാക്കി –'നന്ദീശസംഹിത' 32–ാം അദ്ധ്യായത്തിൽ (കേരള ക്ഷേത്രമാഹാത്മ്യം) ഹിമവാൻ മുതൽ കേരളം വരെയുള്ള രാജ്യ വർ ണ്ണനയുണ്ട് (പേജ് 118 വിജ്ഞാനതരംഗിണി) അന്നത്തെ രാജാവിന്റെ വംശാവലിയിൽ വസുനാഗ നെന്ന മലയക്ഷത്രിയ പരാമർശമുണ്ട്. കാശിയൂരമെന്ന തൃക്കാരിയൂരിന്റെ വർണ്ണനയും ഉണ്ട്. അന്നു ണ്ടായിരുന്ന രാജാവ് തച്ചേത്ത് മൂന്നാം കൂറ്റ് കൈമളുടെ കാലത്താണത്രേ ആര്യന്മാർ മലയാളത്തിൽ വന്നത്. നന്ദീശ സംഹിത വിശദമായി ആചാര പദ്ധതിയിൽ പറയുന്ന പ്രകാരം ഈ ലേഖനത്തിലും ഉണ്ട്. നന്ദീശ സംഹിത (33 (18) യിൽ തച്ചുടയ കൈമളെക്കുറിച്ചും സംഗമേശമെന്ന ഇരിങ്ങാലക്കുട യെക്കുറിച്ചും പറയുന്നു. അദ്ദേഹത്തിന്റെ പ്രൗഢിയെ ഉറപ്പിയ്ക്കുവാനായി പറയുന്നത് ഇപ്രകാരമാ ണ് ബ്രാഹ്മണായിരുന്നുവത്രേ കൈമളുടെ ഡോലി ചുമന്നിരുന്നത് പിന്നീട് ഇതേ പുസ്തക ത്തിലെ പലഭാഗങ്ങൾ എടുത്തുപറഞ്ഞ് ബ്രാഹ്മണരുടെ പ്രമാണിത്വത്തെ എതിർത്തും നിഷ്പ്രഭമാ ക്കിയും വിശദമാക്കുന്നു. നന്ദീശ സംഹിതയിൽ നിന്നും എടുത്ത മുഴുവൻ ഭാഗങ്ങളും പറയാൻ ഈ ചെറിയ വ്യാഖ്യാനത്തിൽ സാദ്ധ്യമല്ല. പരശുരാമൻ ബ്രഹ്മണരുടെ സ്വഭാവ സംസ്കാരണത്തിനാ യി പല ശ്രമങ്ങളും നടത്തി എന്നും അറിയപ്പെടുന്നതായി സൂചനയുണ്ട്. 'മലയാളത്തിലെ നായന്മാർ' എന്ന പുസ്തകവും മറ്റു ധാരാള പ്രമാണങ്ങളും നായന്മാരുടെ ക്ഷത്രിയത്വത്തെ ഉറപ്പിയ്ക്കാനായി നിരത്തുന്നു. (പേജ് 122, പേജ് 123) A historica sketch of Sanskrit Literature എന്ന പുസ്തക ത്തിൽ (പേജ് 86) പുറമെ നിന്നുവന്ന് കൂടിച്ചേർന്നവരെക്കൂടി ക്ഷത്രിയരായി കണക്കാക്കിയിരുന്നു.

ഈ പുസ്തകത്തിൽ നായന്മാർ ടിബറ്റിൽ നിന്നോ രജപുട്ടാനയിൽ നിന്നോ വന്ന ക്ഷത്രിയ രാണെന്ന് രാജാവ്പോലും പറയുന്നു. പതിതരായ ബ്രാഹ്മണ സ്ത്രീകൾക്കോ, പരിചാരികമാർക്ക് ബ്രാഹ്മണരിൽ നിന്നുണ്ടായ സന്തതിപരമ്പരകൾക്കോ ഉയർന്ന ജാതി എന്ന മഹത്വം പറയാം. പക്ഷെ നായന്മാർക്ക് മഹത്വം നിഷേധിയ്ക്കുന്നു.

നായന്മാർ ഭരണതന്ത്രജ്ഞനും, യുദ്ധവീരന്മാരും ആയിരുന്നു എന്ന് ആ പുസ്തകത്തിൽ രേഖകളോടെ പറയുന്നു. കൂടാതെ (പേജ് 21) നായർ സ്ത്രീകൾ പാതിവ്രത്യശുദ്ധി ഉള്ളവരായി രുന്നു എന്നും, അതിന് കോടാലി വച്ചത് ബ്രാഹ്മണർ ആയിരുന്നു എന്നും പറയുന്നു. ചേരമാൻ പെരുമാളുടെ കാലത്ത് ഗുരുസ്ഥാനവും പട്ടോല സ്ഥാനവും നായന്മാർക്ക് ആയിരുന്നു.

ഏറാടി,, തിരുമുല്പാട്, നെടുങ്ങാടി, നമ്പ്യാർ, പിഷാരടി ചാക്യാർ, അടിയോടി, വാര്യർ, മാരാർ ഇത്തരം വിഭാഗങ്ങളെയെല്ലാം വേർതിരിച്ച് വിശദീകരിയ്ക്കുന്നുണ്ട്. അത്തരം വിഭാഗങ്ങൾ ഉണ്ടായ തിന്റെ രസകരമായ വിശദീകരണം നടത്തുന്നുണ്ട്. അവരിൽ പലർക്കും ജാതിഭ്രഷ്ടിന്റെ പാരമ്പര്യം ഉണ്ടായിരുന്നു. എന്നിട്ടും നായന്മാരെക്കാൾ കേമന്മാർ ആണത്രേ.

ആചാര പദ്ധതിയിൽ ശക്തമായി ജാതി വ്യവസ്ഥ ഇല്ലെന്ന് പറയുന്നു. എന്നാൽ അതൊരു പാരമാർത്ഥിക സത്യമാണെന്നും ചില താല്പരകക്ഷികളുടെ തെറ്റിധാരണ മാറ്റാനാണ് ഇത്തരം വ്യാവഹാരിക വിവരണം എന്ന് പറഞ്ഞുകൊണ്ട് ഈ ലേഖനത്തിലെ, അത്യുക്തി, ദുരുക്തി ശങ്കാ പങ്കില വാചകങ്ങളെ ശ്രോതാക്കളും, സഭാനായക ഹീരങ്ങളും (മുത്തുകൾ) ക്ഷമാപൂർവ്വം മനനം ചെയ്യണമെന്നും അപേക്ഷിച്ചുകൊണ്ട് ലേഖനം അവസാനിപ്പിയ്ക്കുന്നു.

# തച്ചുടയക്കൈമൾ

ഇരിങ്ങാലക്കുട ദേവപ്രതിനിധിയായി തച്ചുടയക്കൈമളെ അവരോധിയ്ക്കുന്നതിന്റെ വിശദീകരണം.

തമിഴിൽ ' കടവുൾ ' എന്നതിന്റെ ലോപിച്ച അർത്ഥംപോലെ രൂപപ്പെട്ട രാജതുല്യമായ സ്ഥാന പ്പേരാണ് 'തച്ചുടയക്കൈമൾ'. ഈശ്വര സാക്ഷാത്ക്കാരംപോലെ ജ്ഞാനൈശ്വര്യ സമ്പന്നമായ രാജകീയ പൗഢിയുള്ള സ്ഥാനമാണെന്ന്, ഈ ലേഖനത്തിലും ശ്രീചട്ടമ്പി സ്വാമികളുടെ രചനകളിൽ നിന്നും വ്യക്തമാകുന്നു. ധാരാളം തർക്കമറ്റ രേഖകളിലൂടെ രാജാക്കന്മാരെപ്പോലെ തച്ചുടയ തമ്പുരാൻ, തമ്പുരാൻ തിരുമനസ്സ്, തച്ചുടയ രാജാ എന്ന സംബോധനകൾ, ഈ സ്ഥാനപ്പേരിന് തുല്യമായി പറയുന്നു.

ശ്രേഷ്ഠ നായർ കുടുംബത്തിലെ അംഗത്തെ ദേവപ്രതിനിധിയായി, പൂജനീയ ദിവ്യ ബ്രാഹ്മണനെപ്പോലെ അവരോധിച്ചിരുന്നു. ആ നായർ പ്രഭാവത്തിന്റെ ചരിത്രരേഖകളാൽ, ഹിന്ദു മതത്തിന്റെ അക്കാലത്തെ നവോത്ഥാന നായകസ്ഥാനം നായർക്കാണ് നൽകിയിരുന്നത് എന്ന് സമർത്ഥിയ്ക്കുന്നു. ഇരിങ്ങാലക്കുടയിൽ (മുകുന്ദപുരം താലൂക്ക്, സംഗമേശ്വരപുരി) തച്ചുടയ കൈമൾക്ക്, രാജാധികാരം കല്പിച്ചുകൊടുക്കുന്നതിന്റെ നേർരേഖകളും നിരത്തുന്നുണ്ട്. കൂടൽ മാണിക്യം ക്ഷേത്രത്തിലെ ദേവസ്ഥാനീയനായിരുന്ന തച്ചുടയക്കൈമളുടെ അധികാരങ്ങളും, അവ കാശങ്ങളും സ്ഥാന അവരോധനവും അദ്ദേഹവുമായി നടന്നിരുന്ന എഴുത്തു കുത്തുകളുടെ വിശദാംശങ്ങളും ഈ ലേഖനത്തിൽ വിഷയീഭവിയ്ക്കുന്നു.

വിസ്താര ഭയത്താൽ ചുരുക്കുന്നു '

## കവളപ്പാറ രാജാ മൂപ്പിൽ നായർ

രാജാവിനെപ്പോലെ, അല്ലെങ്കിൽ രാജാവായി വാണിരുന്ന, അനേകം ബ്രാഹ്മണരുടെ പോലും രക്ഷകനായിരുന്ന, ഒരു നായർ പ്രമുഖനായിരുന്നു, കവളപ്പാറ രാജാ മൂപ്പിൽ നായർ. ഏറെക്കുറെ തച്ചുടയകൈമളെപ്പോലെ തന്നെ കവളപ്പാറ രാജവംശം എന്ന് തന്നെയാണത്രേ പറഞ്ഞിരുന്നത്. പ്രാചീന മലയാള ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളപോലെ മൂപ്പിൽ നായന്മാർ അത്യധികം ദാനശീലരായിരുന്നു അദ്ദേഹത്തിന്റെ വാസസ്ഥലത്തിന് സമീപം ടിപ്പുവിന്റെയോ ബ്രിട്ടീഷുകാരുടെയോ കുടിപ്പാർപ്പ് ഇല്ലായിരുന്നു.

കവളപ്പാറ കുടുംബത്തിൽ അവകാശികൾ ഇല്ലാതെ വന്നാൽ ചില നമ്പൂതിരി കുടുംബങ്ങളിൽ നിന്നും ദത്തെടുക്കാറുണ്ടായിരുന്നു. ചങ്ങരംകോത കൃഷ്ണൻ കർത്താവവർകൾ എഴുതിയ പുസ്തകത്തിൽ ഈ രാജകുടുംബത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളുണ്ട്. ഏകദേശരൂപം ഇങ്ങിനെയാണ്. 'സൂര്യകുമാരൻ എന്ന് പേരുള്ള ഒരു കവളപ്പാറ രാജശ്രേഷ്ഠനുണ്ടായിരുന്നു. ബ്രാഹ്മണശ്രേഷ്ഠൻ പോലും ആശ്രയിച്ചുപോന്ന അദ്ദേഹം ബ്രാഹ്മണസ്ത്രീകളുടെ പോലും രക്ഷകനായിരുന്നിട്ടുണ്ട്'. കവളപ്പാറ നായർ എന്ന പദവി രാജപദവിയായിരുന്നു. അത് 'ജർമ്മൻ കൈസർ', സർ ഓഫ് റഷ്യ എന്നപോലെ മഹത്തരമായിരുന്നു.

നായന്മാരിൽ ചിലർ മഹാബലിയുടെ വംശജരാണെന്ന സ്വാമിയുടെ ലേഖനത്തിന് ചിലർ അനുകൂല അഭിപ്രായം അറിയിച്ചിട്ടുള്ളതായി പറയുന്നു. സിദ്ധാർഷികളുടെ വംശജരായ നായന്മാരെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ 'ശൂദ്രരെന്നും' മറ്റും, വിദേശീയരും, ചരിത്രാന്വേഷകനെന്നു പറയുന്ന ഡോ. ഭണ്ഡാർക്കറും വിശേഷിപ്പിച്ചതിനെ ശക്തമായി ഈ ലേഖനത്തിലും എതിർക്കുന്നു. മറ്റൊരവസരത്തിൽ (ആദിമ മലയക്ഷത്രിയ നായകകേസരി) പറയാതെ പോയ കാര്യം ഇവിടെ പറഞ്ഞുകൊണ്ട്, നായന്മാരുടെ മഹത്വത്തെയും പ്രാഗത്ഭ്യത്തെയും അരക്കിട്ട് ഉറപ്പിച്ചാണ് ഈ ലേഖനം അവസാനിപ്പിയ്ക്കുന്നത്.

അതായത്, വളരെ പ്രസിദ്ധമായ ചരിത്രാന്വേഷകനായ ഡോ. ഭണ്ഡാർക്കർ യഥാർത്ഥത്തിൽ ക്ഷുരകന്മാർ, ബ്രാഹ്മണരായിത്തീർന്ന കുലത്തിൽ ആണത്രേ ജനിച്ചത്. പല സ്ഥലത്തും പണ്ഡിതർ, പണ്ഡ്യാതി എന്ന പേരിൽ അറിയപ്പെടുന്ന വിഭാഗം ക്ഷുരകർ ബ്രാഹ്മണരായതാണെന്നും, ജാതിചിന്ത സ്വാമികൾക്ക് അധികമായതിനാലല്ല, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ (നായന്മാരെ പറ്റി) കേൾക്കുന്നതുകൊണ്ടാണ് ഇങ്ങനെ പറയേണ്ട) വന്നത് എന്നും ധരിപ്പിയ്ക്കുന്നുണ്ട്.